# ദീപനാളം

കലാസാംസ്കാരിക ദേശീയവാരിക

2025 ഓഗസ്റ്റ് 7 | ദീപം 58 | നാളം 22 | Published from : PALA | പേജ് 16 | വില 8 രൂപ | www.deepanalam.org


# പാലാ രൂപത പ്ലാറ്റിനം ജൂബിലിക്ക് പ്രൗഢോജ്ജ്വലസമാപനം




പാലാ സെന്റ് തോമസ് കത്തീദ്രൽ ഹാളിൽ ചേർന്ന പാലാ രൂപത പ്ലാറ്റിനം ജൂബിലിയാഘോഷസമാപനസമ്മേളനം സീറോ മലബാർ സഭ മേജർ ആർച്ചുബിഷപ് മാർ റാഫേൽ തട്ടിൽ ഉദ്ഘാടനം ചെയ്യുന്നു. ഔഗിൻ മാർ കുര്യാക്കോസ് മെത്രാപ്പോലീത്താ, ആർച്ചുബിഷപ് മാർ തോമസ് തറയിൽ, ബിഷപ് മാർ ജോസഫ് പള്ളിക്കാപറമ്പിൽ, ആർച്ചുബിഷപ് മാർ ആൻഡ്രൂസ് താഴത്ത്, കുര്യാക്കോസ് മാർ സേവേറിയോസ് വലിയ മെത്രാപ്പോലീത്താ, യാക്കോബായ സുറിയാനി സഭാധ്യക്ഷൻ ബസേലിയോസ് ജോസഫ് കാതോലിക്കാബാവ, പാലാ ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട്, കർദിനാൾ മാർ ജോർജ് ആലഞ്ചേരി, മലങ്കര കത്തോലിക്കാസഭ മേജർ ആർച്ചുബിഷപ് കർദിനാൾ മാർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാ ബാവ, മന്ത്രി റോഷി അഗസ്റ്റിൻ, ശശി തരൂർ എം.പി., സണ്ണി ജോസഫ് എം.എൽ.എ., ജോസ് കെ. മാണി എം.പി., ഫ്രാൻസിസ് ജോർജ് എം.പി., സിറിൽ മാർ ബസേലിയോസ് മെത്രാപ്പോലീത്താ, ആന്റോ ആന്റണി എം.പി., മുനിസിപ്പൽ ചെയർമാൻ തോമസ് പീറ്റർ എന്നിവർ വേദിയിൽ.

വാർത്ത പേജ് – 2






# യുദ്ധക്കെടുതിയിൽ ലോകം

യുദ്ധം അവസാനിപ്പിക്കാനുള്ള ചർച്ചകൾ പുരോഗമിക്കുകയാണെന്നും, യുക്രെയ്ന്റെ പ്രതികരണം കാത്തിരിക്കുകയാണെന്നും റഷ്യയുടെ ഔദ്യോഗികവക്താവ് ദ്മിത്രി പെസ്കോവ് വെളിപ്പെടുത്തി.


പേജ് – 3

ഒരുനേരത്തെ ഭക്ഷണത്തിനായി ഭിക്ഷാപാത്രം നീട്ടുന്ന പട്ടിണിക്കോലങ്ങൾക്കുനേരെയാണ് വെടിയുണ്ടകൾ ചീറിപ്പാഞ്ഞുവരുന്നത്. താത്കാലികടെന്റുകളും ആശുപത്രികളും ആക്രമിക്കപ്പെടുന്നു. ഗാസയിലുണ്ടായിരുന്ന 23 ലക്ഷം ജനങ്ങളിൽ പകുതിയോളമെങ്കിലും പലായനം ചെയ്തതായി വാർത്തയുണ്ട്.




**ഓഗസ്റ്റ് 10**
**കൈത്താക്കാലം**
**മൂന്നാം ഞായർ**

**നിയ 5:6–16**
**ഏശ 5:1–7**
**2 കോറി 7:1–11**
**യോഹ 9:1–12, 35–38**



# രക്ഷാകരമായ സഹനം



**ഫാ. ഡോ. സെബാസ്റ്റ്യൻ കുറ്റിയാനിക്കൽ**

**നി**യമാവർത്തനപ്പുസ്തകത്തിൽ നിന്നുമുള്ള വചനഭാഗം ദൈവം മോശയിലൂടെ നല്കിയ പത്തു കല്പനകൾ മോശ ജനത്തോടു വിവരിക്കുന്നതാണ്. പത്തു കല്പനകളിൽ ആദ്യത്തെ മൂന്നു കല്പനകളാണ് ദൈവം ഇസ്രയേൽജനതയിലൂടെ പ്രത്യേകമായി നല്കിയതെന്ന് ഒരുവിധത്തിൽ പറയാം. കാരണം, മറ്റുകല്പനകളെല്ലാം ലോകത്തിൽ അതിനുമുമ്പും നിലനിന്നിരുന്ന ആചാരങ്ങളുടെയും നിയമങ്ങളുടെയുമെല്ലാം ഭാഗമായി ഉണ്ടായിരുന്നവതന്നെയായിരുന്നു. ബാബിലോണിയൻ സംസ്കാരത്തിന്റെ ഭാഗമായുണ്ടായിരുന്ന ഹമുറാബിനിയമസംഹിതയിലെ 282 നിയമങ്ങളിൽ ഇവയെല്ലാമുണ്ടായിരുന്നതാണ്. എന്നാൽ, ദൈവത്തെ സംബന്ധിച്ചുള്ള വെളിപ്പെടുത്തൽ അനന്യമായിരുന്നു. അതായത്, ദൈവം ഒന്നേയുള്ളൂ എന്നും ആ ദൈവത്തെ മാത്രമേ ആരാധിക്കാവൂ എന്നും ദൈവത്തിന്റെ നാമം വ്യഥാ ഉപയോഗിക്കരുത്; അവിടുത്തെ ദിവസം പരിശുദ്ധമായി ആചരിക്കണമെന്നുമുള്ള കല്പനകൾ. ആദ്യത്തെ മൂന്നു കല്പനകൾ വിശദമായി വിശുദ്ധബൈബിളിൽ നല്കിയിരിക്കുന്നതിലൂടെ ഇതിന്റെ പ്രാധാന്യം എടുത്തുകാണിക്കുന്നു. ദൈവമല്ലാത്തവയെ ദൈവമായി ആരാധിക്കരുതെന്നും അങ്ങനെ ചെയ്യുന്നത് വലിയ തിന്മയാണെന്നും വചനം പഠിപ്പിക്കുന്നു. ഏകസത്യദൈവത്തിന്റെ സ്ഥാനത്ത് മറ്റൊന്നും പ്രതിഷ്ഠിക്കരുതെന്നും കല്പന നല്കി.

സ്നേഹിക്കുന്ന, രക്ഷിക്കുന്ന, കാരുണ്യം വർഷിക്കുന്ന; എന്നാൽ തിന്മയോട് അസഹിഷ്ണുത പുലർത്തുന്ന ഒരു ദൈവത്തെയാണ് മോശയിലൂടെ വെളിപ്പെടുത്തുന്നത്. തന്നെ സ്നേഹിക്കുന്നവരുടെമേൽ ആയിരം തലമുറവരെയും കാരുണ്യം വർഷിക്കുമെന്നും തന്നെ വെറുക്കുന്നവർക്ക് മൂന്നും നാലും തലമുറവരെയും ശിക്ഷ നല്കുമെന്നും പറയുമ്പോൾ ദൈവത്തിന്റെ കാരുണ്യത്തിന്റെ വലുപ്പമാണ് എടുത്തുകാണിക്കുന്നത്. ആയിരത്തിനെ മൂന്നിനോടും നാലിനോടും തുലനം ചെയ്യുമ്പോൾ ആയിരം വളരെ വലുതാണ്. ദൈവത്തിന്റെ കരുണ അത്രമാത്രം വലുതാണെന്നു തിരുവചനം പഠിപ്പിക്കുന്നു. അല്ലാതെ തലമുറകൾ എണ്ണി ശിക്ഷിക്കാൻ അല്ലെങ്കിൽ രക്ഷിക്കാൻ നോക്കിയിരിക്കുന്ന ഒരു ദൈവത്തെ കാണിച്ചുതരുകയല്ല തിരുവചനം ചെയ്യുന്നത്. ആയിരം തലമുറകൾക്കകത്തുവരാത്ത ഒരു മൂന്നും നാലും ഉണ്ടാവുകയില്ല. അതിനാൽത്തന്നെ ദൈവത്തിന്റെ കരുണ എല്ലാവർക്കുമുള്ളതാണ്. തെറ്റുചെയ്യുന്നവരോടും കരുണ കാണിക്കുന്നവനാണ് അവിടുന്ന്. എന്നാൽ, തെറ്റിനു ശിക്ഷ നല്കുന്നവനുമാണ്. ശിക്ഷ നശിപ്പിക്കുന്നതിനുവേണ്ടിയല്ല; മറിച്ച്, അതു ശിക്ഷണമാണ്; രക്ഷ പ്രദാനം ചെയ്യുന്നതാണ്. ശിക്ഷണം തത്സമയം വേദനാജനകമെങ്കിലും അതു നല്കുന്നത് രക്ഷിക്കുന്നതിനും വളർത്തുന്നതിനുംവേണ്ടിയാണ്.

താൻ പ്രത്യേകം സംരക്ഷിച്ചു വളർത്തിയ ഇസ്രയേൽ നല്ല ഫലം നല്കാതെ ചീത്ത ഫലം നല്കിയപ്പോൾ ഇസ്രയേലിനു ശിക്ഷണം നല്കുന്നതിനെക്കുറിച്ച് ഏശയ്യാപ്രവാചകൻ ഒരു ഉപമയിലൂടെ സംസാരിക്കുന്നതാണ് ഏശയ്യാപ്രവാചകന്റെ പുസ്തകത്തിൽനിന്നു ശ്രവിക്കുന്നത്. മുന്തിരിത്തോട്ടത്തിന്റെ വേലി പൊളിച്ചുകളഞ്ഞ് നാശത്തിനു വിട്ടുകൊടുക്കുമെന്നു പറയുന്നത് ഇസ്രയേലിനു നഷ്ടമാകുന്ന സംരക്ഷണവും അവർ നേരിടാൻ പോകുന്ന അന്യദേശങ്ങളുടെ ആക്രമണവുമാണ് സൂചിപ്പിക്കുന്നത്. ഇസ്രയേലിനെ അടിമത്തത്തിലേക്കു വിട്ടുകൊടുത്തത് ദൈവംതന്നെയാണ്. അത് അവർക്ക് ഒരു ശിക്ഷണമാകുന്നതിനുവേണ്ടിയായിരുന്നു. അവർ നേരിടേണ്ടിവന്ന സഹനം തങ്ങളെ തെറ്റിൽനിന്ന് അകറ്റുന്നതിനുള്ള ദൈവികശിക്ഷണത്തിന്റെ ഭാഗമായി പിന്നീട് ഇസ്രയേൽജനം മനസ്സിലാക്കുന്നുണ്ട്.

ഈ പശ്ചാത്തലത്തിൽ ഇസ്രയേൽക്കാരുടെ ഇടയിൽ വളർന്നുവന്ന ഒരു ചിന്താധാരയും വിശ്വാസവുമായിരുന്നു മനുഷ്യരുടെ ജീവിതത്തിലെ ദുരിതങ്ങളും സഹനങ്ങളുമെല്ലാം ദൈവത്തിന്റെ ശിക്ഷയാണ് എന്നുള്ളത്. ആ ചിന്താരീതിയിലേക്കാണ് സുവിശേഷഭാഗത്ത് ഈശോയുടെ ശിഷ്യന്മാർ കടക്കുന്നത്. എന്നാൽ, ഈശോ അതിനൊരു തിരുത്തു നല്കുകയാണ്. സഹനങ്ങളെ ദൈവത്തിന്റെ ശിക്ഷയായിമാത്രം കാണണമെന്നില്ല; മറിച്ച്, ദൈവമഹത്ത്വം വെളിപ്പെടുന്ന നിമിഷങ്ങളായും അതിനെ തിരിച്ചറിയണമെന്നാണ് ഈശോ പറയുന്നത്. അന്ധനായി ജനിച്ചത് അയാളുടെയോ അയാളുടെ പാപത്തിന്റെയോ ഫലമായല്ല; മറിച്ച് ദൈവത്തിന്റെ മഹത്ത്വം വെളിപ്പെടുവാനാണ്.

സഹനം മനുഷ്യരുടെ തെറ്റിന്റെ ഫലമായി ഉണ്ടാകാം; എന്നാൽ, എല്ലാ സഹനങ്ങളും അപ്രകാരമായിരിക്കണമെന്നില്ല. ഒരുപക്ഷേ ചില സഹനത്തിന്റെ നിമിഷങ്ങളിലൂടെ കടന്നുപോകുന്നതായിരിക്കാം നമ്മെ കൂടുതൽ നന്മയിലേക്കു നയിക്കുന്നത്. ഇന്നത്തെ ലേഖനഭാഗത്ത് പൗലോസ് ശ്ലീഹാ പഠിപ്പിക്കുന്നത് ദൈവഹിതപ്രകാരമുള്ള ദുഃഖത്തെക്കുറിച്ചാണ്. ദൈവഹിതപ്രകാരമുള്ള ദുഃഖം രക്ഷാകരമായ മാനസാന്തരത്തിലേക്കു നയിക്കുമെന്നാണ് ശ്ലീഹാ പറയുന്നത്. സഹനങ്ങളെ രക്ഷാകരമായ മൂല്യങ്ങളോടു ചേർത്തുനിർത്തുമ്പോൾ നിരാശയിലേക്കല്ല പ്രത്യാശയിലേക്കാണു നമുക്കു ചെന്നെത്താനാവുന്നത്. ■





18

**മാത്യൂസ് ആർപ്പൂക്കര**

# ഒലിവ് റിഡ്‌ലി

**ഭൂ**മിയിലെ ധ്രുവപ്രദേശങ്ങളൊഴികെയുള്ള മിക്ക സമുദ്രങ്ങളിലും കടലാമകളെ കാണാം. ഇതുവരെ ഏഴിനം കടലാമകളെ തിരിച്ചറിഞ്ഞിട്ടുണ്ട്. അവയിൽ ഒരിനമാണ് ഒലിവ് റിഡ്‌ലി. ആഴക്കടലിൽ ഒലിവിലയുടെ നിറത്തിൽ കാണപ്പെടുന്ന ഈ കടലാമകൾ, കേരളത്തോടുചേർന്ന സമുദ്രഭാഗങ്ങളിലും കാണപ്പെടുന്നു. ഇവയുടെ ഒരു മീറ്ററോളം നീളംവരുന്ന പുറന്തോടിന് പച്ചകലർന്ന തവിട്ടുനിറമാണ്. അടിവശത്തിന് നേർത്ത ഇളം മഞ്ഞ നിറവും.



മുട്ടയിടുന്ന കാലമായാൽ ഇത്തരം ആയിരക്കണക്കിന് ആമകൾ കരയിലേക്കു കയറിവരും. ഈ ആമവരവിന് 'അറിബാദ' എന്നു പറയും. ആഗമനം എന്നയർഥത്തിൽ ഉപയോഗിക്കുന്ന സ്പാനീഷ്‌വാക്കാണത്. പ്രായപൂർത്തിയായ ഒരു ഒലിവ് റിഡ്‌ലി ആമയ്ക്ക് 60 മുതൽ 70 വരെ സെന്റീമീറ്റർ നീളമുണ്ടാകും. 70 കിലോഗ്രാമാണ് ഭാരം. ഒന്നുമുതൽ മൂന്നുവർഷം വരെയുള്ള ഇടവേളകളിലാണ് ഈ ആമകൾ മുട്ടയിടുക. നല്ല ഇരുട്ടുള്ള സുരക്ഷിതമായ സ്ഥലത്ത് പിൻകാലുകൾകൊണ്ടു കുഴിയെടുത്ത് അതിലാണ് പെൺകടലാമ മുട്ടയിടുക. മുട്ടയിട്ടുകഴിഞ്ഞാൽ അങ്ങനെയൊരു കുഴി അവിടെയുണ്ടെന്നുപോലും അറിയാത്തമട്ടിൽ അതു മൂടിക്കളയുന്നു. എന്നിട്ട് ഒന്നും സംഭവിക്കാത്ത മട്ടിൽ തിരികെ കടലിലേക്കു പോകും.

തരംകിട്ടിയാൽ കടലാമകളുടെ മുട്ടകൾ തട്ടിയെടുത്ത് തിന്നാൻ ഒളിച്ചും പാത്തും നടക്കുന്നവരാണ് കുറുക്കനും കീരിയും നായയുമൊക്കെ. മുട്ട വിരിഞ്ഞുണ്ടാകുന്ന കടലാമക്കുഞ്ഞുങ്ങളെയും ഇവർ വെറുതെ വിടാറില്ല. മുട്ട വിരിഞ്ഞിറങ്ങുന്ന കടലാമക്കുഞ്ഞുങ്ങൾ രാത്രിയിലാണു കടലിലേക്കു പോകുക. കടലിൽ പ്രതിഫലിക്കുന്ന നിലാവു നോക്കിയാണ് ഈ കടലാമക്കുഞ്ഞുങ്ങൾ സമുദ്രത്തിലേക്കുള്ള ദിശ മനസ്സിലാക്കുന്നത്. ഇപ്രകാരം കടലിലേക്കെത്തുന്ന കടലാമക്കുഞ്ഞുങ്ങൾ ആയിരക്കണക്കിന് കിലോമീറ്റർ സഞ്ചരിക്കാറുണ്ടത്രേ. ഇക്കാലത്ത് ബീച്ചുകളിലെയും റോഡുകളിലെയുമൊക്കെ കൃത്രിമവെളിച്ചം കടലാമക്കുഞ്ഞുങ്ങളുടെ ദിശയും മറ്റും കുഴപ്പത്തിലാക്കുന്നുണ്ട്. സമുദ്രത്തിന്റെ നേരേ എതിർദിശയിലേക്കും അവ യാത്ര തിരിക്കാറുണ്ട്. അങ്ങനെ അന്യജീവികൾക്ക് ഇരകളായും വാഹനങ്ങൾക്കടിയിൽപ്പെട്ടും കടലാമക്കുഞ്ഞുങ്ങളുടെ ജീവൻ നഷ്ടപ്പെടുന്നു. ഈ പ്രതിസന്ധികളൊക്കെ തരണം ചെയ്ത് കടലിലെത്തുന്ന എണ്ണമറ്റ കടലാമക്കുഞ്ഞുങ്ങളിൽ വളരെ ചുരുക്കം മാത്രമേ പ്രായപൂർത്തിയെത്തുംവരെ ജീവിക്കുന്നുള്ളൂ.

ഞണ്ടുകൾ, ചെമ്മീൻ, ചെറുമീനുകൾ, ചില കടൽസസ്യങ്ങൾ, ജെല്ലിഫിഷ്, ആൽഗകൾ തുടങ്ങിയവയാണ് ഒലിവ് റിഡ്‌ലി കടലാമകളുടെ ഭക്ഷണം. മിശ്രഭുക്കുകളാണിവ. റെഡ് ലിസ്റ്റിൽ പെടുത്തിയിരിക്കുന്ന ജീവികളാണ് ഒലിവ് റിഡ്‌ലി കടലാമകൾ. 1960കളിൽ ഉണ്ടായിരുന്നതിന്റെ പകുതിയെണ്ണമേ ഇന്നിപ്പോൾ സമുദ്രത്തിലുള്ളൂ.

കടലാമകൾ കണ്ണീരൊഴുക്കാറുണ്ട് എന്നൊരു വസ്തുതയുണ്ട്. അവ ദുഃഖിച്ചിരിക്കുന്നതുകൊണ്ടല്ല ഇങ്ങനെ സംഭവിക്കുന്നത്. ഭക്ഷണത്തിലൂടെ അമിതമായി ഉള്ളിലെത്തുന്ന ഉപ്പ് കണ്ണിനടുത്തുള്ള പ്രത്യേക ഗ്രന്ഥികൾവഴി പുറന്തള്ളുന്നതിലാണീ കണ്ണീരൊഴുക്ക്. ■

ദീപനാളം
കലാ സാംസ്കാരിക ദേശീയ വാരിക

ചീഫ് എഡിറ്റർ & മാനേജിങ് ഡയറക്ടർ : ഫാ. സിറിയക് തടത്തിൽ
അസി. മാനേജർ : ഫാ. മാത്യു തെന്നാട്ടിൽ



കർത്താവിന്റെ നിയമം അവികലമാണ്;
അത് ആത്മാവിന് പുതുജീവൻ പകരുന്നു.
സങ്കീർത്തനം 19:7

**എഡിറ്റോറിയൽ**

# ഈ നെറികേട് പൊറുക്കാനാവില്ല

**ഛ**ത്തീസ്ഗഡിലെ ദുർഗിൽ നിരപരാധികളായ രണ്ടു മലയാളി കന്യാസ്ത്രീകൾ – സിസ്റ്റർ വന്ദന ഫ്രാൻസിസും സിസ്റ്റർ പ്രീതിമേരിയും – കുറെ വർഗീയവാദികളുടെ കുത്സിതനീക്കത്തിലൂടെ അറസ്റ്റു ചെയ്യപ്പെട്ടു ജയിലിലിലായിട്ട് ഇതെഴുതുമ്പോൾ അഞ്ചു ദിവസം കഴിയുന്നു. ജൂലൈ 25 ന് വൈകിട്ട് 7.30 നായിരുന്നു സംഭവം. ഇപ്പോഴുമവർ ജയിലിൽത്തന്നെ. അവരുടെമേൽ ആരോപിച്ചിരിക്കുന്ന മനുഷ്യക്കടത്ത്, നിർബന്ധിത മതപരിവർത്തനം എന്നീ കുറ്റങ്ങൾ അധികാരപരിധിയിലല്ലെന്നു ചൂണ്ടിക്കാട്ടി അവരുടെ ജാമ്യാപേക്ഷ മജിസ്ട്രേറ്റു കോടതി തള്ളിയെന്ന ഏറ്റവും പുതിയ വാർത്തകൂടി പുറത്തുവന്നതോടെ മനഃസാക്ഷിയുള്ളവരുടെയെല്ലാം ആശങ്ക ഒന്നുകൂടി വർധിച്ചിരിക്കുകയാണ്. ആദ്യഎഫ്.ഐ.ആറിൽ മനുഷ്യക്കടത്തു കുറ്റം മാത്രമാണുണ്ടായിരുന്നതെങ്കിൽ കേസ് കടുപ്പിക്കാൻ വെറും ഒന്നേകാൽ മണിക്കൂറിന്റെ ഇടവേളയിൽ നിർബന്ധിതമതപരിവർത്തനക്കുറ്റംകൂടി കൂട്ടിച്ചേർക്കുകയായിരുന്നു. അങ്ങേയറ്റം നിന്ദ്യവും അപലപനീയവുമായ ഈ നടപടിയിലൂടെ വർഗീയവാദികൾ മതേതരഭാരതത്തെയാണു വെല്ലുവിളിച്ചിരിക്കുന്നത്.

ഛത്തീസ്ഗഡിൽ നടന്നത് തികഞ്ഞ മനുഷ്യാവകാശലംഘനമാണ്. അവിടത്തെ ദുർഗ് റെയിൽവേസ്റ്റേഷനിൽ ഉത്തർപ്രദേശിലെ ആഗ്രയിലേക്കു പോകാനെത്തിയ സിസ്റ്റേഴ്സിനെയും മൂന്നു പെൺകുട്ടികളെയും പ്ലാറ്റ്ഫോം ടിക്കറ്റില്ലെന്നപേരിൽ റെയിൽവേ അധികൃതർ ബോധപൂർവം തടഞ്ഞുവയ്ക്കുകയായിരുന്നു. അവർ അതിവേഗം ബജ്റങ്ദൾ പ്രവർത്തകരെ വിവരമറിയിക്കുന്നു. പിന്നീടു നടന്നതു കേട്ടുകേൾവിയില്ലാത്ത കാര്യങ്ങളാണെന്നാണ് അസ്സീസി സിസ്റ്റേഴ്സ് ഓഫ് മേരി ഇമ്മാക്കുലേറ്റ് സന്ന്യാസസഭയിലെ (എഎസ്എംഐ) മദർ സുപ്പീരിയർ സിസ്റ്റർ ഇസബെൽ ഫ്രാൻസിസും അസിസ്റ്റന്റ് മദർ സുപ്പീരിയർ സിസ്റ്റർ റജീസ് മേരിയും പറയുന്നത്. വന്നുകൂടിയവർ നിരപരാധികളായ സിസ്റ്റേഴ്സിനെ ആൾക്കൂട്ടവിചാരണയ്ക്കു വിധേയരാക്കുന്നു. കുറ്റം സ്ഥിരംപല്ലവിയായ നിർബന്ധിതമതപരിവർത്തനവും മനുഷ്യക്കടത്തും. അറസ്റ്റു ചെയ്യപ്പെട്ട സിസ്റ്റേഴ്സിനെ സഭയുമായി ബന്ധപ്പെടാൻ അനുവദിക്കാതെ, തിരുവസ്ത്രത്തിന്റെ ഭാഗമായ മാലപോലും ഊരിമാറ്റിച്ച് തികച്ചും അപമാനകരമായ രീതിയിലാണ് ജയിലിലടച്ചത്.

വർഗീയവാദികൾ ആരോപിക്കുന്ന മനുഷ്യക്കടത്തോ നിർബന്ധിതമതപരിവർത്തനമോ ഈ സംഭവത്തിലില്ലെന്നതിന്റെ പ്രധാന തെളിവ്, ഈ മൂന്നു യുവതികളും വീട്ടുകാരുടെ അനുവാദത്തോടെ സ്വമനസ്സാലേയാണു സിസ്റ്റേഴ്സിനോടൊപ്പം യാത്ര പോയത് എന്നുള്ളതാണ്. മധ്യപ്രദേശിലെ നാരായൺപൂർഗ്രാമത്തിൽ സഭ നടത്തിയ സർവേയിൽ അവശതയനുഭവിക്കുന്ന ഈ യുവതികളെ കണ്ടെത്തിയതിനെത്തുടർന്ന് ഇവരെ ആതുരസേവനപരിശീലനത്തിനായി ആഗ്രയിൽ സഭയുടെ മഠത്തോടു ചേർന്നുള്ള ആശുപത്രിയിലെത്തിക്കാൻ വീട്ടുകാർ സ്വയം തയ്യാറാവുകയായിരുന്നു. ഈ സത്യത്തെയാണ് വർഗീയവാദികൾ കുഴിച്ചുമൂടാൻ ശ്രമിക്കുന്നത്.

ക്രൈസ്തവന്യൂനപക്ഷങ്ങൾക്കെതിരേ രാജ്യത്തു വർധിച്ചുവരുന്ന അതിക്രമങ്ങൾ കണ്ണുതുറന്നു കാണാൻ സർക്കാർ മനസ്സു കാണിക്കണം. ഇല്ലെങ്കിൽ പ്രധാനമന്ത്രി നരേന്ദ്രമോദിയുടെയും അദ്ദേഹത്തിന്റെ കക്ഷിയുടെയും ന്യൂനപക്ഷപ്രേമം ചതിയും വഞ്ചനയുമാണെന്നു പറയേണ്ടി വരും.

വിദ്യാഭ്യാസ, ആതുരശുശ്രൂഷ മേഖലകളിലെ മികവാർന്ന പ്രവർത്തനങ്ങളിലൂടെ രാജ്യത്തിനെങ്ങും മാതൃകയായ ക്രൈസ്തവ ന്യൂനപക്ഷത്തെ എതിർക്കുന്നവർ രാജ്യത്തിന്റെ ഭരണഘടനയെയാണ് അപമാനിക്കുന്നത് അഥവാ വെല്ലുവിളിക്കുന്നത്. ഇതു മതനിരപേക്ഷരാജ്യമാണെന്ന കാര്യം അവർ മറക്കുന്നു. ന്യൂനപക്ഷങ്ങളെന്ന പേരിൽ ആർക്കും നീതി നിഷേധിക്കപ്പെടരുതെന്ന ഉദാത്ത ചിന്തയിൽ ദീർഘവീക്ഷണപടുക്കളായ രാജ്യതന്ത്രജ്ഞർ ഭരണഘടനയിൽ എഴുതിച്ചേർത്തതാണ് ന്യൂനപക്ഷാവകാശങ്ങൾ. അതു പ്രത്യേകപരിഗണനയല്ല; നേരേ മറിച്ച്, ബഹുഭൂരിപക്ഷത്തിനിടയിൽ തങ്ങൾ വെറും ന്യൂനപക്ഷങ്ങളാണെന്ന അരക്ഷിതചിന്തയില്ലാതെ നിവർന്നുനില്ക്കാൻ അവരെ പ്രാപ്തരാക്കുന്ന ശക്തിമന്ത്രങ്ങളാണവ. അത്, എന്നോ പൊട്ടിമുളച്ച ഏതെങ്കിലും കക്ഷിയുടെ ഔദാര്യമോ ആനുകൂല്യമോ അല്ല; ഭരണഘടന നല്കുന്ന അവകാശമാണ്. അതു കവർന്നെടുക്കാൻ ആരെയും അനുവദിച്ചുകൂടാ.

ഏതായാലും കന്യാസ്ത്രീകളുടെ അറസ്റ്റിനെതിരേ രാജ്യവ്യാപകമായി പ്രതിഷേധമുയർന്നിരിക്കുകയാണ്. ന്യൂനപക്ഷവകാശങ്ങളുടെയും മതസ്വാതന്ത്ര്യത്തിന്റെയും നഗ്നമായ ലംഘനമാണു നടന്നിരിക്കുന്നതെന്നു സിബിസിഐ പ്രസിഡന്റ് ആർച്ചുബിഷപ് മാർ ആൻഡ്രൂസ് താഴത്തും കെസിബിസി പ്രസിഡന്റ് കർദിനാൾ മാർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാബാവായും ഒരുപോലെ പറഞ്ഞുകഴിഞ്ഞു.

ഏറ്റവുമൊടുവിൽ ഇതാ ബജ്റങ്ദൾ പ്രാദേശികനേതാവ് ജ്യോതിശർമ കന്യാസ്ത്രീകളെ അറസ്റ്റു ചെയ്യുംമുമ്പ് ഭീഷണിപ്പെടുത്തി ചോദ്യം ചെയ്യുന്ന ദൃശ്യങ്ങൾ പുറത്തുവന്നിരിക്കുന്നു. പൊലീസുദ്യോഗസ്ഥരുടെ സാന്നിധ്യത്തിൽ ദ്വയാർഥപ്രയോഗങ്ങളുമായി അവർ കാണിക്കുന്ന ഈ ധിക്കാരം എത്രയോ നിന്ദ്യം! ഒരവസരത്തിൽ അവർ പറയുന്നത് 'മിണ്ടരുത് മുഖം അടിച്ചുപൊളിക്കു'മെന്നാണ്. നെഞ്ചു തകർക്കുന്ന ആ ക്രൂരഭാഷണം ചെന്നുകൊള്ളുന്നത് നിരപരാധികളായ ആ കന്യാസ്ത്രീകളുടെ നേർക്കു മാത്രമല്ല; ഭാരതാംബയ്ക്കുമേൽ കൂടിയാണെന്ന് ഇന്ത്യയുടെ ഭരണനേതൃത്വം മറക്കരുത്.

## ഛത്തീസ്ഗഡിലെ സമർപ്പിതരുടെ അറസ്റ്റിനെതിരേ ശക്തമായി പ്രതികരിച്ച് ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട്

പാലാ: കത്തോലിക്കരായ നമ്മൾ ആരെയും തട്ടിക്കൊണ്ടുപോകുന്നവരല്ലെന്നും മനുഷ്യക്കടത്ത് നടക്കുന്നുണ്ടെങ്കിൽ അതു സ്വർഗത്തിലേക്കാണെന്നും മാർ ജോസഫ് കല്ലറങ്ങാട്ട്. വിശുദ്ധ അൽഫോൻസാമ്മയുടെ തിരുനാൾദിനത്തിൽ സന്ദേശം നൽകുകയായിരുന്നു ബിഷപ്.

നമ്മുടെ പാവപ്പെട്ട സന്ന്യാസിനിമാരെ വെറുതെ വിട്ടുകളയാൻ ഒക്കില്ല. അങ്ങനെ ആരും ചിന്തിക്കേണ്ടാ. ചോദിക്കാനും പറയാനും ആരുമില്ലാത്തവരെപ്പോലെ, ഉപേക്ഷിക്കപ്പെട്ടവരെപ്പോലെ നമ്മൾ അവരെ വിട്ടുകളയരുത്. അവർ നമ്മുടെ മക്കളാണ്, മലയാളികളാണ്. ഇവിടെ ജനിച്ചുവളർന്ന് ഈ സഭയിൽ, കേരളസഭയിൽ ശുശ്രൂഷ ചെയ്തുകൊണ്ടിരിക്കുന്നവരാണ്.



ഛത്തീസ്ഗഡിലെ ദുർഗിൽ വർഗീയവിദ്വേഷത്തിന്റെ ഇരകളായി ജയിലിലടയ്ക്കപ്പെട്ട നിരപരാധികളായ സിസ്റ്റർ വന്ദന ഫ്രാൻസിസും സിസ്റ്റർ പ്രീതി മേരിയും.

## സമർപ്പിതരോടുള്ള ആക്രമണത്തിൽ പ്രതിഷേധിച്ച് എ. കെ. സി. സി. പാലായിൽ പ്രതിഷേധപ്രകടനം നടത്തി




പാലാ: ഛത്തീസ്ഗഡിലെ ദുർഗിൽ കന്യാസ്ത്രീകളെ അകാരണമായി അറസ്റ്റു ചെയ്തു ജയിലിലടച്ചതിൽ പ്രതിഷേധിച്ച് പാലാ രൂപത എ.കെ.സി.സി. പ്രതിഷേധപ്രകടനം നടത്തി. എ കെ സി സി പാലാ രൂപത ഡയറക്ടർ ഫാദർ ജോർജ് വർഗീസ് ഞാറക്കുന്നേൽ ധർണ ഉദ്ഘാടനം ചെയ്തു. പാലാ രൂപതാ പ്രസിഡന്റ് ഇമ്മാനുവൽ നിധീരി പ്രതിഷേധറാലി ഫ്ളാഗ് ഓഫ് ചെയ്തു. ജോസ് വട്ടുകുളം, ജോയി കണിപറമ്പിൽ എന്നിവർ പ്രസംഗിച്ചു. ഇതൊരു സൂചനാ പ്രതിഷേധറാലിയാണെന്നും ഇങ്ങനെയുള്ള അതിക്രമങ്ങൾ തുടർന്നാൽ കൂടുതൽ ശക്തമായി പ്രതികരിക്കുമെന്നും കത്തോലിക്കാ കോൺഗ്രസ് ഭാരവാഹികൾ പറഞ്ഞു.

## ഭരണഘടനയെ അവഹേളിക്കുന്നു: കോൺഫറൻസ് ഓഫ് മേജർ സുപ്പീരിയേഴ്സ്

കോട്ടയം: കത്തോലിക്കാ സന്ന്യസ്തരെ ആക്രമിച്ചു ഭീതിപ്പെടുത്താനുള്ള വർഗീയനീക്കങ്ങൾക്കെതിരേ കേന്ദ്രസർക്കാർ അടിയന്തരനടപടി സ്വീകരിക്കണമെന്ന് കേരള കോൺഫെറൻസ് ഓഫ് മേജർ സുപ്പീരിയേഴ്സ് (കെ.സിഎംഎസ്) ആവശ്യപ്പെട്ടു. ഛത്തീസ്ഗഡിൽ സന്ന്യാസിനിമാരെ വ്യാജ ആരോപണങ്ങൾ ഉന്നയിച്ച് അറസ്റ്റ് ചെയ്തതുൾപ്പെടെയുള്ള സംഭവങ്ങൾ ഭാരതത്തിന്റെ ഭരണഘടനയെ അവഹേളിക്കുന്നവയാണ്. മനുഷ്യസ്നേഹപരമായ സേവനങ്ങളിലൂടെ രാഷ്ട്രത്തിന് അമൂല്യ സംഭാവനകൽ നൽകുന്ന ക്രൈസ്തവമിഷനറിമാരെ മതപരിവർത്തനം, മനുഷ്യക്കടത്ത്, ദേശവിരുദ്ധപ്രവർത്തനം തുടങ്ങിയ വ്യാജ ആരോപണങ്ങൾ ഉന്നയിച്ച് നിശ്ശബ്ദരാക്കാനുള്ള ശ്രമങ്ങൾ വർദ്ധിക്കുകയാണെന്നും കെസിഎംഎസ് പ്രസിഡന്റ് സിസ്റ്റർ ആർദ്ര ചൂണ്ടിക്കാട്ടി.

## അതിക്രമത്തിനെതിരെ കെസിബിസി കമ്മീഷൻ

കോട്ടയം: ഛത്തീസ്ഗഡിൽ മലയാളികന്യാസ്ത്രീകളെ അറസ്റ്റ് ചെയ്ത് ജയിലിൽ അടച്ച സംഭവത്തിൽ കെസിബിസി എസ്.സി/ എസ്.ടി/ ബി.സി. കമ്മീഷൻ പ്രതിഷേധിച്ചു. നടപടി മതനിരപേക്ഷ ഭാരതസംസ്കാരത്തിനു ചേർന്നതല്ലെന്നു യോഗം ആരോപിച്ചു. കമ്മീഷൻ ചെയർമാൻ ബിഷപ് ഗീവർഗീസ് മാർ അപ്രേം അധ്യക്ഷത വഹിച്ചു. കമ്മീഷൻ സെക്രട്ടറി ഫാ. ജോസുകുട്ടി ഇടത്തിനകം, ജോയിന്റ് സെക്രട്ടറി ജയിംസ് ഇലവുങ്കൽ എന്നിവർ പ്രസംഗിച്ചു.

പുതിയ നോവൽ ആരംഭിക്കുന്നു



# മിഴിയിതൾപ്പൂക്കൾ

ജോർജ് പുളിങ്കാട്

"വിടെടാ... വിടടാ എന്നെ. എനിക്കു പോണം. എന്റെ ജീനായെ കാണണം. അവസാനമായി... ഒന്നുകൂടെ... ഒടുവിൽ ഒരുമ്മ കൊടുത്ത് അവളെ യാത്രയാക്കണം." ഇങ്ങനെ ഓരോന്നു പറഞ്ഞ് അലറിക്കരയുകയും കുതറുകയും ചവിട്ടുകയുമൊക്കെയാണ് റോണി. അവനെ അടക്കിക്കിടത്താൻ പാടുപെടുന്ന കൂട്ടുകാരായ അരുണിനും വിവേകിനും അടിയും ഇടിയും ചവിട്ടുമൊക്കെ ഏൽക്കുന്നുമുണ്ട്.

റോണി പ്രണയിച്ചു കല്യാണം കഴിച്ച ജീനാ ഒരു ദിവസം മുമ്പ് വാടകവീട്ടിൽ തനിച്ചായിരുന്നപ്പോൾ കൈത്തണ്ട മുറിച്ച് രക്തം വാർന്ന് മരിച്ചനിലയിൽ കാണപ്പെട്ടു. ഇന്നവളുടെ ശവസംസ്കാരമാണ്. ചടങ്ങുകൾ അവളുടെ സ്വന്തം വീട്ടിൽ ആരംഭിച്ച് ഇടവകപ്പള്ളിസെമിത്തേരിയിൽ അവസാനിപ്പിക്കാനാണ് തീരുമാനം. റോണിയുടെമേൽ ഗാർഹികപീഡനക്കുറ്റവും ആത്മഹത്യാപ്രേരണക്കുറ്റവും ആരോപിക്കപ്പെട്ടിരിക്കുന്നു. വീട്ടുകാരും നാട്ടുകാരും സമൂഹമാകെയും റോണിക്കെതിരാണ്.

"റോണീ, നീ ദൈവത്തെയോർത്ത് ഞങ്ങളു പറയുന്നതനുസരിക്ക്. നീയിപ്പഴങ്ങോട്ടു ചെന്നാൽ അവിടെ കൂടിയിരിക്കുന്നവർ നിന്നെ വലിച്ചുകീറും. ചവുട്ടിയരയ്ക്കും. തല്ലിക്കൊല്ലും. അതാ സാഹചര്യം." അരുൺ പറഞ്ഞു.

"കൊല്ലട്ടെ. എനിക്കു മരിക്കാനാണിഷ്ടം. ഞാനിനി എന്തിനാ ജീവിക്കുന്നേ. അവളു പോയില്ലേ, എന്നോടൊരു വാക്കു പറയാതെ. ഞാനവളെ എന്തുമാത്രം സ്നേഹിച്ചിരുന്നതാ... എന്നിട്ടും... എന്നോടവളിത്?" സ്വയം തലയിലടിച്ച് ദണ്ഡിപ്പിച്ചുകൊണ്ട് റോണി പറഞ്ഞു.

മൂന്നുവർഷത്തെ പ്രണയബന്ധത്തിനൊടുവിലായിരുന്നു അവരുടെ വിവാഹം. ആർഭാടങ്ങൾ മുഴുവനൊഴിവാക്കി രജിസ്റ്റർകച്ചേരിയിൽ വച്ചാണ് ചടങ്ങുകൾ നടന്നത്. റോണിയുടെ അപ്പൻ മേടയ്ക്കൽ മാത്തുക്കുട്ടി അവരുടെ കല്യാണത്തിന് കട്ടായം എതിരായിരുന്നു. ഏകമകനെയും മരുമകളെയും വീട്ടിൽ കുരിശുവരച്ചു കയറ്റാൻ മാത്തുക്കുട്ടി ഭാര്യയെ അനുവദിച്ചില്ല. അയാൾ മകനെ വീട്ടിൽനിന്നടിച്ചിറക്കി. കൊച്ചിയിലെ പ്രമുഖ ഐ.റ്റി. കമ്പനിയിൽ ജോലിയുള്ള റോണിക്ക് ഭാര്യയുമായി വാടകവീട്ടിൽ കഴിയേണ്ട ഗതിയാണുണ്ടായത്.

വലിയ ചില പരാക്രമങ്ങൾക്കൊടുവിൽ റോണി തളർന്ന് അടങ്ങിക്കിടന്നപ്പോൾ അവൻ കേൾക്കാതെ ചിലതു സംസാരിക്കാനായി അരുണും വിവേകും വീടിന്റെ സിറ്റൗട്ടിലേക്കു മാറി.

"അരുണേ, പോലീസിന്റെ പ്രൊട്ടക്ഷനോടെയെങ്കിലും റോണിയെ കൊണ്ടുപോയി ജീനായെ ഒന്നു കാണിച്ചാലോ?" വിവേക് ചോദിച്ചു.

"വേണ്ടടാ. അതു വലിയ പ്രശ്നങ്ങളുണ്ടാക്കും. ആൾക്കൂട്ടം ഇളകിനിൽക്കുകാ. ചിലൊരൊക്കെ ഇവനെ തെറി വിളിക്കുന്നുണ്ട്. പോലീസിനെക്കൊണ്ടൊന്നും തടയാൻ കഴിയില്ല. അതു പോലെയാളാ. അവളുടെ വീട്ടീന്നുള്ള 'ലൈവ് ടെലികാസ്റ്റ്' ഞാൻ മൊബൈലിൽ കുറച്ചു കണ്ടു."

"പോലീസ് വലയത്തിൽ ചെന്നാൽ ആൾക്കാര് മാറിക്കൊടുക്കില്ലേ? അവളെ അവസാനമായി കാണാൻ പറ്റിയില്ലെന്ന റോണീടെ വെഷമം മാറുമല്ലോ." വിവേക് പിന്നെയും പറഞ്ഞു.


"എടാ വേറെയും ഒരു വിഷയമുണ്ട്. ജീനായുടെ അപ്പനൊരു വട്ടനാ. ചികിത്സയിൽ കഴിയുന്ന ആളാ. അവൻ വന്നാൽ വെട്ടുമെന്നു പറഞ്ഞ് വാക്കത്തിയുമെടുത്തുനിൽക്കുന്ന രംഗം ചില ചാനലുകളിലൊക്കെ വന്നിട്ടുണ്ട്."

"ഹൊ! അങ്ങനെയാണെങ്കിൽ ആ കാര്യം ആലോചിക്കുകയേ വേണ്ട." വിവേക് അഭിപ്രായം മാറ്റി.

"വിവേകേ, എന്റെ സുഹൃത്തായ ഒരു ഡോക്ടറുണ്ട്. ഡോക്ടർ ഫ്രെഡി മാത്യു. അങ്ങേരോട് ഇവിടെവന്ന് റോണിക്കൊരു സെഡേഷൻ കൊടുക്കാമോയെന്നു ചോദിച്ചിട്ടുണ്ട്. തിരക്കുള്ളയാളാ. വന്നാൽ ഭാഗ്യം." അരുൺ സൂചിപ്പിച്ചു.

"അതു നന്നായി. ഇവനൊന്നടങ്ങിക്കിടന്നാൽ നമുക്കാശ്വാസമാകും. വേറെ ഒരാളും ഇങ്ങോട്ടൊന്നു തിരിഞ്ഞുകയറുന്നേയില്ലല്ലോ."

"ആരെയും പ്രതീക്ഷിക്കണ്ട. വീട്ടുകാരും നാട്ടുകാരും പത്രക്കാരും ചാനലുകാരും എന്നു വേണ്ട സകലരും ഇവനെതിരാ. സകല ചാനലുകാരുടേം ഇന്നത്തെ ഭക്ഷണം ജീനായുടെ മരിച്ചടക്കാ." അരുൺ പറഞ്ഞു.



"ഇവരു തമ്മില് എന്തൊരു സ്നേഹമായിരുന്നെടാ? എപ്പഴും ഇതുങ്ങളിങ്ങനെ ഒട്ടിനടക്കുന്നതു കാണുമ്പം എനിക്കു ബോറായിട്ടു തോന്നീട്ടൊണ്ട്." വിവേക് പ്രതികരിച്ചു.

"എനിക്കും റോണീടെ കാര്യം ഒരതിശയമാ."

"ഞാനും മഞ്ജുവും തമ്മിലാണെങ്കിൽ എപ്പഴും തർക്കവും തമ്മിലടിയുമാ. അവൾക്കിട്ട് ഒരടി കൊടുത്താൽപ്പോലും അരമണിക്കൂറിനകം കൂട്ടാകും."

"നെനക്കിട്ടും കിട്ടുന്നുണ്ടായിരിക്കും."

"അതും ശരിയാ. ഞങ്ങൾക്കതാ ഒരു രസം. ഈ ഒടുക്കത്തെ സ്നേഹം കാണിക്കുന്നവരൊണ്ടല്ലോ, പെണങ്ങിയാൽ ഭീകരമായിരിക്കും. എനിക്കുതോന്നുന്നത്, എന്തെങ്കിലും നിസ്സാരകാര്യത്തിനാണ് ജീനാ ഈ കടുംകൈ ചെയ്തതെന്നാ."

"സ്വയം മരിച്ചതല്ലെന്നും കൊലപാതകമാണെന്നും ചില സംശയങ്ങൾ വന്നിട്ടുണ്ട്." വിവേക് പറഞ്ഞു.

അതു കേട്ടപ്പോൾ അരുണിന്റെ മുഖത്ത് ഒരു പരിഭ്രമമുണ്ടായി.

"ജീനാ... എന്റെ ജീനാ..." അകത്തുമുറിയിൽനിന്നും പിന്നെയും ഉച്ചത്തിലുള്ള നിലവിളിയുയർന്നു.

അരുണും വിവേകും വേഗം അവിടേക്കോടിയെത്തി. റോണി ചുഴലിദീനക്കാരനെപ്പോലെ തുള്ളിവിറയ്ക്കുകയാണ്. അണയ്ക്കുകയും കിതയ്ക്കുകയും ചെയ്യുന്നു.

കൂട്ടുകാർക്കു നിസ്സഹായരായി നോക്കിനിൽക്കാനേ കഴിഞ്ഞുള്ളൂ. സാവകാശം അവൻ സാധാരണനിലയിലേക്കു വന്നു.

അപ്പോൾ മുറ്റത്ത് ഒരു വാഹനം വന്നു നിർത്തുന്ന ശബ്ദമുണ്ടായി. അരുൺ ഇറങ്ങിച്ചെന്നു. പ്രതീക്ഷിച്ചതുപോലെ ഡോക്ടർ ഫ്രെഡിയാണു വന്നിരിക്കുന്നത്. മുപ്പത്തിയഞ്ചുവയസ്സു തോന്നിക്കുന്ന സുമുഖനും ദീർഘകായനുമായ ഡോക്ടർ, കൈയിൽ ഒരു കിറ്റുമായി അകത്തേക്കു കയറി വന്നു.

"വെരി വെരി വെൽക്കം, ഡോക്ടർ ഫ്രെഡി." അരുൺ സുഹൃത്തിനെ കൈകൊടുത്തു സ്വീകരിച്ചു. വിവേകിനെ അദ്ദേഹത്തിനു പരിചയപ്പെടുത്തുകയും ചെയ്തു.

"ഒ.പി.യിൽ നല്ല തെരക്കായിരുന്നു. അതാ വൈകിയത്. എനിക്കു പെട്ടെന്നു പോകുകയും വേണം കേട്ടോ." ഡോക്ടർ ഫ്രെഡി പറഞ്ഞു.

"ഒരു ഗ്ലാസ് വെള്ളംപോലും തന്ന് താമസിപ്പിക്കുന്നില്ല. കാര്യം നടത്തി ഫ്രെഡി പെട്ടെന്നു പൊയ്ക്കോളൂ. സിനിമയിൽ തിലകൻ പറഞ്ഞതുപോലെ ഇപ്പഴിങ്ങോട്ടു വരാൻ തീരുമാനിച്ച ആ മനസ്സാണു വലുത്!"

അരുണിന്റെ ഉരത്തിൽ സ്നേഹപൂർവം ഒരടികൊടുത്തിട്ട് ഡോക്ടർ ഫ്രെഡി റോണിയുടെയടുത്തേക്കു നീങ്ങി. അവൻ പകപ്പോടെ ഡോക്ടറെ നോക്കിക്കിടന്നതേയുള്ളൂ.

ഡോക്ടർ ഫ്രെഡി കിറ്റിൽനിന്നു സാമഗ്രികൾ പുറത്തെടുത്തു. ആദ്യം പഞ്ഞി സ്പിരിറ്റിൽ മുക്കി റോണിയുടെ ഉരത്തിൽ തുടച്ചു.

"എന്താ പേര്?' ഡോക്ടർ തിരക്കി.

"റോണി." അവൻ പതിയെ പറഞ്ഞു.

'മനസ്സിന് അല്പമൊരയവു കിട്ടാൻ ഒരിഞ്ചെക്ഷൻ തന്നോട്ടെ?"

"ങും." അവൻ പ്രതികരിച്ചു.

ഡോക്ടർ ഫ്രെഡി സിറിഞ്ചിൽ മരുന്നെടുത്ത് ശ്രദ്ധയോടെ റോണിക്കു കുത്തിവയ്പു നൽകി. പെട്ടെന്നുതന്നെ അദ്ദേഹം മടങ്ങുകയും ചെയ്തു.

റോണി നേരിയ മയക്കത്തിലായപ്പോൾ അരുണും വിവേകും സ്വീകരണമുറിയിൽ ചെന്നിരുന്നു. അതിനടുത്തുണ്ടായിരുന്ന മുറിയിലാണ് ജീനായെ മരിച്ച നിലയിൽ ജോലിക്കാരി വിജയമ്മ കണ്ടെത്തിയത്. കതക് പൂട്ടിയിട്ടില്ലായിരുന്നു. അതാണ് മരണത്തിൽ പല സംശയങ്ങൾക്കും ഇടവരുത്തിയത്. ആത്മഹത്യ ചെയ്യുന്നവരാരും മുറിയടച്ചു പൂട്ടാതെ അതു ചെയ്യാറില്ല. വിജയമ്മ കാണുമ്പോൾ വാതിൽപ്പടിയോളം രക്തം ഒഴുകിയെത്തിയിരുന്നു. ഇപ്പോൾ ആ മുറി പൊലീസ് പൂട്ടി സീൽ ചെയ്തിരിക്കുകയാണ്.

"വിവേകേ, മൊബൈലിൽ ഇപ്പോൾ ലൈവ് ടെലികാസ്റ്റ് കാണാൻ പറ്റും." അരുൺ പറഞ്ഞു.

"വേണ്ട. എനിക്കതു കാണണ്ട. നമ്മൾ രണ്ടുപേരും നേരിട്ടവിടെ പോകേണ്ടതായിരുന്നു. നമ്മുടെ കൂട്ടത്തിലൊരാളല്ലേ? ഇവനെ ഇവിടെ തനിച്ചാക്കി എങ്ങനെ പോകാനാ?"

"നമ്മളൊരു കൂട്ടും കരുത്തും കൊടുത്തില്ലെങ്കിൽ ഇവിടെ മറ്റൊരു ദുരന്തംകൂടി ഉറപ്പാണ്." അരുൺ പറഞ്ഞു.

ഇതിനിടയ്ക്ക് മറ്റൊരു ദൃശ്യം ഏതോ ചാനലിൽ കണ്ടെന്ന് ഒരാൾ ഫോൺ വിളിച്ചു പറഞ്ഞു." വിവേക് സൂചിപ്പിച്ചു.

"എന്താണത്?"

"റോണിയുടെ അപ്പൻ മാത്തുക്കുട്ടി ജീനായുടെ സംസ്കാരച്ചടങ്ങുകൾ ടെലിവിഷനിൽ കണ്ടുകൊണ്ട് കൂട്ടുകാർക്കൊപ്പം മദ്യപിച്ച് അർമാദിക്കുന്ന കാഴ്ച. ആരോ രഹസ്യമായി ഷൂട്ട് ചെയ്ത് ചാനലുകാർക്കു കൊടുത്തതാ."

"അതിലൊരദ്ഭുതവില്ല. മാത്തുക്കുട്ടി ജീവിതത്തിൽ ഏറ്റവും ആഹ്ലാദിക്കുന്നത് ഇന്നായിരിക്കും. അവൻ അപ്പന്റെ എതിർപ്പവഗണിച്ചല്ലേ അവളെ കെട്ടിയത്."

"ഓരോ മനുഷ്യന്റെ മരണത്തിലും കുറേപ്പേരൊക്കെ സന്തോഷിക്കുന്നുണ്ടാവും. മനുഷ്യനും ലോകവും അങ്ങനെയൊക്കെയായിപ്പോയി." വിവേക് പറഞ്ഞു.

അപ്പോൾ വിവേകിന്റെ ഫോൺ ശബ്ദിച്ചു. അവൻ ഫോണെടുത്ത് സ്ക്രീനിൽ നോക്കിയപ്പോൾ അമ്മ എന്നു തെളിഞ്ഞു. അവൻ കോളെടുത്തു.

"ഹലോ... അമ്മേ..."

"നീയിപ്പഴെവിടെയാടാ?"

"ഞാനിവിടെ ഒരു ഫ്രണ്ടിന്റെ വീട്ടിലാ. എന്താ വിശേഷം?"

"എവിടെയാണെങ്കിലും ഇങ്ങോട്ടൊന്നു വേഗം വാ മോനെ. അച്ഛനെ ആശുപത്രിയിലാക്കിയിരിക്കുകാ. കോട്ടയത്ത് മെഡിക്കൽ കോളജിലാ. അറ്റാക്ക്... കൂടുതലാ..."

വിവേക് മരവിച്ചുപോയി.

"ഞാനിതാ വരുന്നമ്മേ..." അത്രയും പറഞ്ഞ് കോൾ കട്ടാക്കി. വെപ്രാളത്തോടെ അരുണിനെ വിവരമറിയിച്ചു:

"എന്റെ പപ്പാ... പാവമായിരുന്നെടാ..." വിങ്ങിപ്പൊട്ടിക്കൊണ്ട് കാറിന്റെ താക്കോൽ വാങ്ങി വിവേക് കോട്ടയത്തേക്കു പാഞ്ഞു.

അരുൺ എന്തു ചെയ്യണമെന്നറിയാതെ കുഴങ്ങി.

താനിവിടെ തനിച്ചായിരിക്കുന്നു. വിവേകിനാണെങ്കിൽ അവന്റെ പ്രാണനാണച്ഛൻ. ഇപ്പോൾ വണ്ടിയോടിച്ച് അവനെ ആശുപത്രിയിലേക്കു കൊണ്ടുപോകേണ്ടതായിരുന്നു. റോണിയെ തനിച്ചാക്കി പോകാനും വയ്യ. ജീവിതത്തിൽ പ്രശ്നങ്ങളും പ്രതിസന്ധികളും ഘോഷയാത്ര നടത്തുന്നു. അരുൺ റോണിയുടെയടുത്തേക്കു ചെന്നു. അവൻ ഒരു കൊച്ചുകുഞ്ഞിനെപ്പോലെ ഉറങ്ങുന്നു. ഉറങ്ങട്ടെ. ഉണർന്നാൽ അവന്റെ മനസ്സ് ഒരു തീക്കുണ്ഡമാകും. ആത്മാവ് നീറിപ്പിടയും.

പുറത്ത് ഏതോ വാഹനം ഇരച്ചെത്തുന്ന ശബ്ദം. അരുൺ ഉമ്മറത്തെത്തി നോക്കി. പൊലീസ് ജീപ്പാണ്!! പുറത്തേക്കിറങ്ങിയത് സർക്കിൾ ഇൻസ്പെക്ടർ മോഹൻ തോമസും ഇൻസ്പെക്ടർ വിജയകുമാറുമായിരുന്നു.

*(തുടരും)*

# സയണിസം – യഹൂദർക്കൊരു സ്വന്തരാജ്യം

## ഇസ്രയേൽ ഒരു ചരിത്രവിസ്മയം



2

ഡോ. കുര്യാസ്
കുമ്പളക്കുഴി

യഹൂദർ ലോകമെമ്പാടും അതിക്രൂരമായി പീഡിപ്പിക്കപ്പെടുമ്പോഴും, സ്വന്തം ജനതയുടെ വേദനകൾ ഏറ്റുവാങ്ങിയ ചില പ്രതിഭാശാലികൾ അവർക്കിടയിൽനിന്ന് ഉയർന്നുവന്നുകൊണ്ടിരുന്നു. അവരിൽ പ്രമുഖനാണു തിയഡോർ ഹെർഷൽ (1860–1904).

ഓസ്ട്രോ ഹംഗേറിയൻ യൂദസമൂഹത്തിൽ ജനിച്ചുവളർന്ന ഹെർഷൽ പത്രപ്രവർത്തകൻ, നിയമജ്ഞൻ, നാടകകൃത്ത്, രാഷ്ട്രീയപ്രവർത്തകൻ എന്നീ നിലകളിൽ അറിയപ്പെട്ടു. ആധുനിക രാഷ്ട്രീയസയണിസത്തിന്റെ പിതാവെന്നു വിളിച്ച് ഇസ്രയേൽക്കാർ ഹെർഷലിനെ ആദരപൂർവം സ്മരിക്കുന്നു.

അദ്ദേഹം പാരീസിൽ പത്രപ്രവർത്തകനായിരിക്കുമ്പോഴാണ് പ്രസിദ്ധമായ ഡ്രൈഫസ് സംഭവം നടക്കുന്നത്. ഫ്രഞ്ച് ആർമിയിലെ ഉന്നതനായ ഉദ്യോഗസ്ഥനായിരുന്നു യഹൂദനായ ആൽഫ്രഡ് ഡ്രൈഫസ്. ഒരിക്കൽ ഫ്രഞ്ച് പീരങ്കികളുടെ നിർമ്മാണരഹസ്യം ജർമ്മനിക്കു ചോർത്തിക്കൊടുത്തു എന്നൊരാരോപണം അദ്ദേഹത്തിനെതിരെയുണ്ടായി. അറസ്റ്റിലായ അദ്ദേഹത്തെ വിചാരണ ചെയ്ത കോടതി ജീവപര്യന്തം ശിക്ഷയാണു വിധിച്ചത്. ഫ്രഞ്ചുഗയാനയിലെ ചെകുത്താന്റെ ദ്വീപ് എന്നറിയപ്പെടുന്ന ഒരു വിജനസ്ഥലത്ത് ഡ്രൈഫസ് ഏകാന്തതടവിന് അയയ്ക്കപ്പെട്ടു.

കുറേക്കാലം കഴിഞ്ഞപ്പോൾ ഡ്രൈഫസിനെതിരെയുള്ള കേസ് കെട്ടിച്ചമച്ചതാണെന്നും അദ്ദേഹം നിരപരാധിയാണെന്നും തെളിഞ്ഞു. 1900 ത്തിൽ അദ്ദേഹം തടവിൽനിന്നു മോചിതനായി. അപ്പോഴേക്കും അഞ്ചുവർഷം ശിക്ഷ അദ്ദേഹം അനുഭവിച്ചുകഴിഞ്ഞിരുന്നു.

ഈ സംഭവം തിയഡോർ ഹെർഷലിനെ വല്ലാതെ വേദനിപ്പിച്ചു. ഉന്നതസൈനികോദ്യോഗസ്ഥനായിരുന്നിട്ടും ഡ്രൈഫസിന് ഇങ്ങനെയൊരു ദുർവിധിയുണ്ടായത് അദ്ദേഹം യഹൂദനായിരുന്നു എന്ന ഒറ്റക്കാരണം കൊണ്ടാണെന്നു ഹെർഷൽ മനസ്സിലാക്കി. തന്റ ജനതയ്ക്കു വേണ്ടി എന്തെങ്കിലും ചെയ്തേ മതിയാവൂ എന്നദ്ദേഹം തീരുമാനമെടുത്തു.

1896 ൽ ഹെർഷൽ പ്രസിദ്ധീകരിച്ച 'ജൂതരാഷ്ട്രം' എന്ന ഗ്രന്ഥമാണ് ലോകമെമ്പാടുമുള്ള യഹൂദരെ ഒരു സ്വന്തരാജ്യം എന്ന ചിന്തയിലേക്കു നയിച്ചത്. ഇതിൽനിന്നു രൂപംകൊണ്ട യഹൂദമുന്നേറ്റപ്രസ്ഥാനമാണ് 'സയണിസം' എന്നറിയപ്പെടുന്നത്. യഹൂദരുടെ പിതൃഭൂമിയായ പലസ്തീനയിൽ യഹൂദർക്കായി ഒരു പരമാധികാരരാഷ്ട്രം രൂപവത്കരിക്കണമെന്നതായിരുന്നു ഹെർഷലിന്റെ ആശയം. അതിനുവേണ്ടി പലസ്തീനായിലേക്കു കുടിയേറിപ്പാർക്കാൻ അദ്ദേഹം വിവിധരാജ്യങ്ങളിലുള്ള യഹൂദരോടാവശ്യപ്പെട്ടു. ഇതിനുവേണ്ടി 1897 ൽ സ്വിറ്റ്സർലണ്ടിലെ ബാസലിൽവച്ചു ഹെർഷൽ ലോകസയണിസ്റ്റുപ്രസ്ഥാനത്തിനു രൂപം നൽകി.

ഈ പുതിയ പ്രസ്ഥാനം ലോകരാജ്യങ്ങളിലെ യഹൂദരെ മുഴുവൻ ആകർഷിച്ചു. സ്വന്തമായ ഒരു രാഷ്ട്രം എന്ന ചിരകാലസ്വപ്നം എന്നെങ്കിലുമൊരിക്കൽ യാഥാർഥ്യമായേക്കാം എന്നവർ ആവേശം കൊണ്ടു. 'നമ്മുടെ മണ്ണിൽ നമ്മൾ സ്വതന്ത്രരായി ജീവിക്കും. നമ്മുടെ വീടുകളിൽ നമ്മൾ സമാധാനത്തോടെ മരിക്കും' എന്ന 'ജൂതരാഷ്ട്ര'ത്തിലെ സമാപനവചസ്സുകൾ അവരിൽ പ്രതീക്ഷയുടെ നക്ഷത്രത്തിളക്കമുണ്ടാക്കി.



*തിയഡോർ ഹെർഷൽ
(1860–1904)*

എങ്കിലും ശ്രദ്ധിക്കേണ്ട ഒരു കാര്യം, സയണിസം ഒരിക്കലും ഒരു തീവ്രവാദപ്രസ്ഥാനമായി മാറിയില്ല എന്നതാണ്. സാമ്പത്തികശേഷിയില്ലാഞ്ഞിട്ടോ ആയുധങ്ങൾ സംഭരിക്കാനുള്ള മാർഗമില്ലാഞ്ഞിട്ടോ അല്ല. നിരപരാധികളുടെ രക്തം ചിന്താനോ ജീവനെടുക്കാനോ അവർക്കു താത്പര്യമുണ്ടായിരുന്നില്ല. മുഴുവൻ വിഭവശേഷിയും യഹൂദജനതയുടെ ശ്രേയസ്സിനു വേണ്ടി വിനിയോഗിക്കുകയാണവർ ചെയ്തത്. പലസ്തീനിലേക്കു മടങ്ങിയെത്തിയ യഹൂദർ അവിടെ പുതിയ കോളനികൾക്കു രൂപം നൽകി.

സയണിസ്റ്റുപ്രസ്ഥാനത്തോടു പാശ്ചാത്യരാജ്യങ്ങൾ പൊതുവെ അനുകൂലസമീപനമാണു സ്വീകരിച്ചത്. സയണിസ്റ്റുനേതാക്കളിൽ ഒരാളായ ഡോ. ചെയിംവെയ്സ്മാൻ ഒരു ജൈവരസതന്ത്രജ്ഞൻ (ബയോകെമിസ്റ്റ്) കൂടിയായിരുന്നു. സ്ഫോടകവസ്തുക്കളുടെ നിർമ്മാണത്തിൽ ഇദ്ദേഹം ബ്രിട്ടണു വലിയ സഹായം നല്കി. ഇതുവഴി ബ്രിട്ടന്റെ യഹൂദാനുകൂലമനോഭാവത്തെ ശക്തിപ്പെടുത്താൻ വെയ്സ്മാനു കഴിഞ്ഞു. ഇസ്രയേലിന്റെ ആദ്യത്തെ പ്രസിഡണ്ട് (1949–52) വെയ്സ്മാനായിരുന്നു.



ഒന്നാംലോകമഹായുദ്ധകാലത്ത്, 1917 ൽ ബ്രിട്ടീഷ് വിദേശകാര്യസെക്രട്ടറി ആർതർ ബാൽഫർ, ബ്രിട്ടീഷ് ജൂതസമൂഹത്തിന്റെ നേതാവ് റോത്ചൈൽഡ് പ്രഭുവിനയച്ച കത്തിൽ, യഹൂദർക്ക് ഒരു സ്വാതന്ത്ര്യരാഷ്ട്രം സ്ഥാപിക്കുന്നതിന് ബ്രിട്ടന്റെ എല്ലാ പിന്തുണയും ഉണ്ടായിരിക്കുമെന്നു വാഗ്ദാനം നൽകി. 1917 നവംബർ മൂന്നിന് ഈ കത്തു പ്രസിദ്ധീകരിച്ചു. ഇതു ബാൽഫർ പ്രഖ്യാപനം എന്നറിയപ്പെടുന്നു. ഇസ്രയേൽസ്ഥാപനത്തിന്റെ ഒന്നാംഘട്ടമായി ഈ സംഭവം കണക്കാക്കപ്പെടുന്നു.

ഈ ബാൽഫർ പ്രഖ്യാപനത്തിന് ഒരു പശ്ചാത്തലംകൂടിയുണ്ട്. 1914 ൽ ബ്രിട്ടൻ ഓട്ടോമൻസാമ്രാജ്യത്തിനെതിരെ യുദ്ധം പ്രഖ്യാപിച്ചു, അപ്പോൾ മുതൽ പലസ്തീന്റെ ഭാവിയെപ്പറ്റി പല തലങ്ങളിൽ ചർച്ചയുണ്ടായി. 1915 ൽ ബ്രിട്ടീഷ് പ്രധാനമന്ത്രി അസ്കിത്ത് ഇക്കാര്യത്തെക്കുറിച്ചു പഠിക്കാൻ ഒരു കമ്മിറ്റിക്കു രൂപം നൽകി. ഓട്ടോമൻസാമ്രാജ്യത്തോടും പരസ്തീനോടും സ്വീകരിക്കേണ്ട നയം രൂപപ്പെടുത്തുകയായിരുന്നു കമ്മിറ്റിയുടെ ചുമതല. പലസ്തീൻ ബ്രിട്ടനു നിരുപാധികപിന്തുണ പ്രഖ്യാപിച്ചു. അതോടെ പലസ്തീനിൽ ഒരു യഹൂദരാഷ്ട്രം രൂപീകരിക്കാൻ ബ്രിട്ടൻ മുൻകൈ എടുക്കും എന്നൊരു വാഗ്ദാനവും പലസ്തീനിലെ യഹൂദസമൂഹത്തിനു ലഭിച്ചു. ഇതിനെത്തുടർന്നാണു ബാൽഫർ പ്രഖ്യാപനമുണ്ടായത്.

ഹിറ്റ്ലറിന്റെ യഹൂദപീഡനകാലത്തു നിരവധി യഹൂദർ പലസ്തീനിലേക്കു രക്ഷപ്പെട്ടു പോന്നിരുന്നു. യുദ്ധം കഴിഞ്ഞപ്പോൾ കോൺസൺട്രേഷൻ ക്യാമ്പുകളിൽനിന്നു മോചിതരായ പതിനായിരക്കണക്കിനു യഹൂദർ അവരുടെ വീടുകൾ തേടിയെത്തിയപ്പോൾ വീടുകളും സ്ഥലവുമൊക്കെ ജർമൻകാർ കൈയേറിയിരിക്കുന്നതായി കണ്ടു. അവരും മറ്റു പോംവഴിയില്ലാതെ പലസ്തീനിലേക്കു തന്നെ കുടിയേറി.

യഹൂദരുടെ പലസ്തീനിലേക്കുള്ള കടന്നുവരവിനെ കുടിയേറ്റം എന്നു വിളിക്കുന്നതിനെക്കാൾ അർഥവത്തായതു മടങ്ങിവരവ് എന്നു വിശേഷിപ്പിക്കുന്നതാണ്. നിരന്തരായ വിദേശാക്രമണങ്ങൾക്കിരയായ പരസ്തീനായിൽനിന്ന് പലഘട്ടങ്ങളിലായി യഹൂദർ അന്യരാജ്യങ്ങളിലേക്കു പലായനം ചെയ്യേണ്ടി വന്നിട്ടുണ്ട്. അടിമകളായി പിടിച്ചുകൊണ്ടുപോകപ്പെട്ടവരും ഒരു നല്ല സംഖ്യവരും. എ.ഡി. 70 ൽ റോമൻചക്രവർത്തി ജറുസലേം തകർത്തതോടെ അവർക്കു സ്വന്തം ജന്മഭൂമി തന്നെ നഷ്ടപ്പെട്ടു.

ഈജിപ്തിൽനിന്നു മോശയുടെ നേതൃത്വത്തിൽ വിമോചിതരായ ഇസ്രയേൽജനത, തേനുംപാലുമൊഴുകുന്ന കാനാൻദേശത്തുവന്ന് അവിടെയുണ്ടായിരുന്ന ഗോത്രജനവിഭാഗങ്ങളെ തുടച്ചുനീക്കി സ്വന്തമാക്കിയ ഭൂഭാഗമാണല്ലോ പലസ്തീനാ. ഇത് ഏതാണ്ടു ബി. സി. 1260 നടുത്താണെന്നു ചരിത്രകാരന്മാർ കണക്കാക്കുന്നു. മോശെയുടെ മരണശേഷം ജോഷ്വായുടെ നേതൃത്വത്തിൽ അവർ ഒരു രാഷ്ട്രമായിത്തീർന്നു. രാജാക്കന്മാരും ന്യായാധിപന്മാരും പ്രവാചകന്മാരും ആ രാഷ്ട്രത്തെ കെട്ടുറപ്പോടെ നിലകൊള്ളാൻ പ്രാപ്തരാക്കി. ദാവീദിന്റെയും സോളമന്റെയും ഭരണകാലം ഇസ്രയേലിന്റെ സുവർണദശയായി കരുതപ്പെടുന്നു. പിന്നെപ്പിന്നെ ബാഹ്യശക്തികളുടെയും ഒപ്പം ആഭ്യന്തരശക്തികളുടെയും ആക്രമണങ്ങളും അന്തശ്ഛിദ്രങ്ങളും ഇസ്രായേലിനെ ദുർബലപ്പെടുത്തി. ഒടുവിൽ എ.ഡി. എഴുപതോടെ ആ രാഷ്ട്രംതന്നെ ഇല്ലാതായി.

(തുടരും)



# പിങ്ക്ളാങ്കിയും അഞ്ച് മാലാഖമാരും 14

**ബാലനോവൽ** **പുഷ്പമ്മ ചാണ്ടി**

എങ്ങനെയെങ്കിലും ക്രിസ്മസ് അവധി ആയാൽ മതിയായിരുന്നു.

ഉണ്ണിച്ചേട്ടനും ചേച്ചിയും പൊന്നുച്ചേച്ചിയും വരും. പിന്നെ പുൽക്കൂട്, കേക്ക്, കരോൾ പാട്ടുകാർ, എന്തൊരു രസമായിരിക്കും. ഏറ്റവും വലിയ സന്തോഷം മാലാഖമാരെ കാണാൻ, അമ്പലവയൽ പോകുന്നതാണ്. ദിവസവും കലണ്ടറിൽ നോക്കും, ഇനിയും 45 ദിവസമുണ്ട് ക്രിസ്മസിന്.

പിങ്ക്ളാങ്കിയുടെ എല്ലാ സന്തോഷങ്ങളെയും തട്ടിത്തെറിപ്പിച്ച്, അമ്മ പറഞ്ഞു:

"ഒരു കാര്യം അറിഞ്ഞോ, നീ ഒരു ചിറ്റപ്പൻ ആകാൻ പോകുന്നു."

എന്താണെന്നു മനസ്സിലാകാതെ അവൻ അമ്മയെ നോക്കി. നമ്മുടെ വീട്ടിൽ ഒരു കുഞ്ഞുവാവ വരുന്നു.

അപ്പോഴും പിങ്ക്ളാങ്കിക്കു കാര്യം മനസ്സിലായില്ല.

"നിന്റെ ഉണ്ണിച്ചേട്ടന് ഒരു കുഞ്ഞുവാവ ഉണ്ടാകാൻ പോകുന്നു."

"കുഞ്ഞാവ വരുമ്പോൾ ഞാൻ ചിറ്റപ്പൻ ആകുമോ?"

"പിന്നെ അല്ലാതെ, വലിയ ആളാകും നീ, കുഞ്ഞുവാവയുടെ ചിറ്റപ്പൻ ഐവാൻ."

പിങ്ക്ളാങ്കി ഓടി പിപ്പിന്റെ അടുത്തെത്തി.

"എടാ, ഞാൻ ചിറ്റപ്പനാകാൻ പോകുന്നു." എല്ലാം മനസ്സിലായ പോലെ അവനും തലയാട്ടി.

രണ്ടുപേരും വീടിനു ചുറ്റും ഓടിക്കളിച്ചു.

അമ്മ പൊന്നുച്ചേച്ചിയോടും, ജോസിച്ചായനോടുമൊക്കെ ഫോണിൽ വിളിച്ച് ഈ വിവരം പറയുന്നത് കൗതുകത്തോടെ പിങ്ക്ളാങ്കി കേട്ടുനിന്നു. അമ്മ ഒരു വല്യമ്മച്ചിയാകാൻ പോകുന്നു.

വീട്ടിൽ അതൊരു വലിയ സന്തോഷവാർത്തയായിരുന്നു. അമ്മ എന്തൊക്കെയോ പ്ലാൻ ചെയ്യുന്നു. സിസിലിയാന്റി അമ്മയെ സഹായിക്കാൻ തയ്യാറായി നിൽക്കുന്നു.

"പിങ്ക്ളാങ്കിക്കു സ്കൂൾ ഉണ്ട് അല്ലെങ്കിൽ ഞാൻ അവിടം വരെ ഒന്നു പോയേനേ, ദൈവം അനുഗ്രഹിച്ചാൽ ജൂണിൽ കുട്ടി ഉണ്ടാകും, മാതാവേ കാത്തുകൊള്ളണമേ."

വീട്ടിൽ നടക്കാൻ പോകുന്ന ഈ സന്തോഷവാർത്തയിൽ അമ്മയോടൊപ്പം എല്ലാവരും പങ്കുചേർന്നു.

ബെന്നിച്ചായനും അമ്മായിയും അമ്മയെ കാണാൻ വന്നു. വരുമ്പോഴൊക്കെ കുറെ ചോക്ലേറ്റ്, കേക്ക് എല്ലാം അമ്മായി കൊണ്ടുവരും. അതിൽ ഒരു ചോക്ലേറ്റ് കഴിച്ചോണ്ട് അവരുടെ വർത്തമാനം പിങ്ക്ളാങ്കി ശ്രദ്ധിച്ചുകേൾക്കുകയായിരുന്നു.

"പപ്പ പിന്നെ വെളിയിൽ സന്തോഷമൊന്നും കാണിക്കില്ല, എന്നാലും മുഖം കണ്ടാൽ അറിയാം വല്യപ്പച്ചനാകുന്നതിന്റെ ഒരു സന്തോഷം."

എന്നാൽ, പിങ്ക്ളാങ്കിയുടെ എല്ലാ സന്തോഷവും അമ്മയുടെ ആ വാചകം തകർത്തു.

"ഒരു മൂന്നു മാസത്തേക്ക് ബിന്ദുവിന് യാത്ര ചെയ്യാൻ പറ്റില്ല, ക്രിസ്മസ് അവധിക്കു ഞങ്ങൾ അങ്ങോട്ടു പോയാലോ എന്ന് ആലോചിക്കുകയാണ്, പൊന്നുവും മൈസൂറിനു വരും."

"അതു നല്ല കാര്യമാണ്, എല്ലാവരും അവിടെ ചെന്നാൽ അവർക്കും അതൊരു ചേഞ്ച് ആകും."

ബെന്നിച്ചായൻ പോയതിനു ശേഷം പിങ്ക്ളാങ്കി അമ്മയോടു ചോദിച്ചു

"അപ്പോൾ ഉണ്ണിച്ചേട്ടനും ചേച്ചിയും ക്രിസ്മസിന് ഇങ്ങോട്ടു വരില്ലേ?"

"ഇല്ലടാ, ബിന്ദുവിനു കുറച്ചു നാളേക്ക് യാത്ര പാടില്ല."

"അപ്പോൾ നമ്മളു മാലാഖമാരെ കാണാൻ പോകില്ലേ?"

"മാലാഖമാർ എങ്ങും പോകില്ല, നമുക്ക് ഇതൊക്കെ കഴിഞ്ഞ് ഒരു ദിവസംപോകാം, അല്ലെങ്കിൽ നീ ചിറ്റപ്പനായിക്കഴിയുമ്പോൾ ആ കുഞ്ഞിനേയും കൂട്ടി പോകാം."

എന്താണ് ഉത്തരം പറയേണ്ടത് എന്നറിയാതെ അവൻ അമ്മയുടെ മുഖത്തേക്കു നോക്കി.

"വിഷമിക്കാതെ, നമുക്ക് ഒരു ദിവസം പോകാം കേട്ടോ."

വിതുമ്പാൻ നിൽക്കുന്ന ചുണ്ടുകളും നിറഞ്ഞ കണ്ണുകളും അമ്മയെ കാണിക്കാതെ അവൻ മുറിയിലേക്കുപോയി. കട്ടിലിൽ കമിഴ്ന്നുകിടന്നു കരയാൻ തുടങ്ങി. പിന്നെ എപ്പോഴോ ഉറങ്ങിപ്പോയി.

അമ്മ വന്നു, സന്ധ്യാപ്രാർഥനയ്ക്കു വിളിച്ചപ്പോഴാണ് എഴുന്നേറ്റത്. മുഖം വാടിയിരിക്കുന്നതു കണ്ട്, അമ്മ നെറ്റിയിൽ കൈവച്ചു പനിയുണ്ടോ എന്നു നോക്കി.

"മുഖം കഴികിയിട്ടു വാ, നമുക്കു പ്രാർഥിക്കാം."

പിങ്ക്ളാങ്കിയുടെ മനസ്സ് സങ്കടത്താൽ പ്രാർഥനയിൽ ശ്രദ്ധിക്കാൻ കഴിയാതെ എന്തൊക്കെയോ ആലോചനയിൽ മുഴുകി.

"അടുത്ത വർഷം ആദ്യകുർബാന കൈക്കൊള്ളേണ്ട ചെറുക്കനാണ്. പ്രാർഥന ഒന്നും അറിയില്ല." അമ്മ ആരോടെന്നില്ലാതെ പറഞ്ഞു.

അത്താഴം ഒരു വിധത്തിൽ കഴിച്ചെന്നു വരുത്തി, അവൻ കട്ടിലിൽ കയറിക്കിടന്നു.

രാവിലെ സ്കൂളിൽ പോകാനും തോന്നിയില്ല, പക്ഷേ, അമ്മ വീട്ടിൽ ഇരുത്തില്ല. അതുകൊണ്ടു ബുക്ക് ബാഗിൽ നിറച്ചു, സ്കൂൾ ബസ്സിൽ കയറി. ടിഫിൻ ബോക്സ് വീട്ടിൽ മറന്നുവച്ചത് കണ്ട്, അമ്മ ബസ്സിന്റെ പിറകിൽ തന്റെ സ്കൂട്ടിയിൽ വന്നു. അടുത്ത സ്റ്റോപ്പിൽ വണ്ടി നിന്നപ്പോൾ, അത് ഏല്പിച്ചു.

പ്രസാദ് അടുത്തു വന്നിരുന്നു ചോദിച്ചു:

"എന്താ, നിനക്കു സുഖമില്ലേ?"

"ഏയ് ഒന്നുമില്ല."

"പറയെടാ എന്താ പറ്റിയത്?"

"ക്രിസ്മസ് അവധിക്ക് എനിക്കു മാലാഖമാരെ കാണാൻ പോകാൻ സാധിക്കില്ല."

"മുഖം കണ്ടപ്പോഴേ എനിക്കു തോന്നി."

"ചേട്ടനും ചേച്ചിക്കും വരാൻ സാധിക്കില്ല, കുഞ്ഞുവാവ വരാൻ പോകുന്നു, അതുകൊണ്ടു യാത്ര പറ്റില്ലെന്നു പറഞ്ഞു ഞങ്ങൾ എല്ലാവരും കൂടെ മൈസൂറിനു പോകുവാ."

"മൈസൂർ നല്ല സ്ഥലമാണ്."

"അവിടെ എന്റെ മാലാഖമാർ ഇല്ലല്ലോ."

"ഹും അതു നേരാ."

"നീ സങ്കടപ്പെടാതെ, നമുക്ക് ഒരു വഴി കണ്ടുപിടിക്കാം."

"എന്താണു വഴി?"

"അതു ഞാൻ നാളെ പറയാം."

"ഇപ്പോൾ പറയാൻ വയ്യേ?"

"ഒന്നു ക്ഷമിക്കെടാ, ഞാൻ ഒന്ന് ആലോചിക്കട്ടെ."

അമ്പലവയൽ പോകാനുള്ള എല്ലാ പ്രതീക്ഷകളും, പ്രസാദ് ചേട്ടനിൽ അർപ്പിച്ചിട്ട് ഐവാൻ ഉത്സാഹത്തോടുകൂടി തന്റെ ക്ലാസിലേക്കു പോയി.

(തുടരും)



**ശ്രേഷ്ഠമലയാളം**



**ഡോ. ഡേവിസ് സേവ്യർ**

## ആക്രിക്കട

ഇംഗ്ലീഷിൽനിന്നു കടന്നു വന്ന് മലയാളമായിത്തീർന്ന ഒരു വാക്കാണ് ആക്രി. ആക്രയൻ എന്ന സംസ്കൃതപദത്തിന്റെ രൂപഭേദമാണിതെന്നു ചിലർ കരുതുന്നു. സാമാനങ്ങൾ കൊണ്ടുനടന്നു വിൽക്കുന്നവനാണ് ആക്രയൻ. ആക്രയം Trade ആണല്ലോ. ആക്രയനിൽനിന്നാണ് ആക്രി നിഷ്പന്നമായതെന്നു വിചാരിക്കാൻ ഒരു പക്ഷേ, ഇത് ഇടയാക്കിയിരിക്കണം. "ശബ്ദതാരാവലിയിൽ 'ആക്രേയൻ' എന്നൊരു വാക്കു കാണുന്നു'* എന്ന 'അക്ഷരംപ്രതി' പംക്തികാരന്റെ നിരീക്ഷണം ശരിയല്ല. ആക്രയൻ എന്നതാണ് ശരിയായ പദം. 'ആക്രേയൻ' എന്നെഴുതിയത് നോട്ടപ്പിശക് ആവാനേ സാധ്യതയുള്ളൂ.

ഇംഗ്ലീഷിൽ നിന്നു രൂപാന്തരം പ്രാപിച്ച പദങ്ങളുടെ ഗണത്തിലാണ് ആക്രി എന്ന സംജ്ഞ, മലയാളത്തിലെ പരകീയപദങ്ങൾ എന്ന ഗ്രന്ഥത്തിൽ പി.എം. ജോസഫ് ചേർത്തിരിക്കുന്നത്. "ആക്രി (സാധനങ്ങൾ കൊണ്ടുനടന്നു വിൽക്കുന്നവൻ) Hawaker.** Hawker എന്ന ഇംഗ്ലീഷ്പദത്തിനും അതേ അർഥമാണുള്ളത്. ഹോക്കർ ആക്കറും ആക്കറിയുമായി മാറിയിട്ടാവണം ആക്രി എന്ന രൂപത്തിൽ ഉറച്ചത് എന്ന ടി.ബി. വേണുഗോപാലപ്പണിക്കരുടെ നിരീക്ഷണം യുക്തിഭദ്രമാണ്. ഹോക്കർ →ആക്കർ → ആക്കറി → ആക്രി എന്നിങ്ങനെ ഈ പരിണാമത്തെ അടയാളപ്പെടുത്താം. അതോടെ പാഴ്വസ്തുക്കൾ എന്ന വിവക്ഷിതവും ആക്രിക്കു വന്നുചേർന്നു.

ആക്രിസാധനങ്ങൾ ശേഖരിക്കുന്ന കടകൾ വന്നതോടെ 'ആക്രിക്കട' എന്ന് എഴുതിവയ്ക്കാനും തുടങ്ങിയിട്ടുണ്ട്. ആക്രി, കട-ഇവ രണ്ടും വിശേഷണവിശേഷ്യങ്ങൾ ആയതിനാൽ ആക്രിക്കട എന്നു കകാരത്തിന് ഇരട്ടിപ്പുകൊടുത്തു വേണം സമസ്തപദം സൃഷ്ടിക്കാൻ. ആക്രി+കച്ചവടം= ആക്രിക്കച്ചവടം എന്നെഴുതുമ്പോഴും ചകാരത്തിനും ദ്വിത്വം വേണം. പാഴ്വസ്തുക്കൾ ശേഖരിച്ചു നടക്കുന്നവരെ ആക്രിക്കാരൻ എന്നും ആക്രിക്കാരി എന്നു വ്യവഹരിക്കുന്നതിൽ ഭാഷാപരമായി തെറ്റില്ല. ചിലയിടങ്ങളിൽ സംജ്ഞാനാമമായും 'ആക്രി' ശബ്ദം ഉപയോഗിച്ചുകാണുന്നു!

* നാരായണൻ, കെ.സി., അക്ഷരംപ്രതി, മാതൃഭൂമി ബുക്സ്, കോഴിക്കോട്, 2025, പുറം - 143

** ജോസഫ്, പി.എം. മലയാളത്തിലെ പരകീയപദങ്ങൾ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 1984, പുറം - 456.

**കവിത**

**ഫാ. തോമസ് പാട്ടത്തിൽചിറ**

## മിന്ന്

ഇതു മിന്ന്, മിന്നുന്ന മിന്ന്
പതിവുതെറ്റിക്കെട്ടും മിന്ന്
ആൺകഴുത്തിൽ
ഇത്തിരിപ്പൊൻചരടിൽ
പെൺകരം ചാർത്തുന്ന മിന്ന്!

നീ കുനിക്കൂ ശിരസ്സെൻ
മുന്നിലിന്നീ
നൂലു ഞാൻ കെട്ടുന്ന നേരം
വൻതുകയ്ക്ക് നിന്റെയച്ഛനെന്നച്ഛനു
വിറ്റതത്രേയിന്നു നിന്നെ!

ഇതു മിന്ന്, പൊന്നിന്റെ മിന്ന്
പതിതൻ കഴുത്തിലെ മിന്ന്
വിപണീന്നു വാങ്ങിയ
വീട്ടുമൃഗത്തിൻ
വിലപതിച്ചിട്ടുള്ള മിന്ന്!

# പൗരസ്വാതന്ത്ര്യവും മതസ്വാതന്ത്ര്യവും സർക്കാർ മാനിക്കണം



ഫാ. മാത്യു ചന്ദ്രൻകുന്നേൽ

നേർമൊഴി

ഭയം കൂടാതെ സ്വാതന്ത്ര്യത്തോടെ ജീവിക്കാനുള്ള അവകാശം ഉറപ്പുനൽകുന്ന ഭരണഘടനയാണ് ഇന്ത്യയുടേത്. കഴിഞ്ഞ ഏഴരപ്പതിറ്റാണ്ടിലേറെ അങ്ങനെ ജീവിക്കാൻ പൗരന്മാർക്കു സാധിച്ചിരുന്നു. എന്നാൽ, സമീപകാലത്ത് ആ സംരക്ഷണം എന്തുകൊണ്ടോ ന്യൂനപക്ഷസമൂഹങ്ങൾക്ക്; പ്രത്യേകിച്ച്, ക്രൈസ്തവന്യൂനപക്ഷത്തിനു ലഭിക്കുന്നില്ല. 2014 മുതൽ 2024 വരെയുള്ള കാലത്ത് ക്രൈസ്തവർക്കെതിരേ 4316 ആക്രമണങ്ങളുണ്ടായതായി യുണൈറ്റഡ് ക്രിസ്ത്യൻ ഫോറം ആക്ഷേപമുന്നയിച്ചു. ദക്ഷിണേന്ത്യയിൽ, പ്രത്യേകിച്ച് കേരളത്തിൽ മാത്രമാണ് മതന്യൂനപക്ഷങ്ങൾക്കു ഭീതി കൂടാതെ ജീവിക്കാനാകുന്നത്. അത് ആരുടെയെങ്കിലും പ്രത്യേകസംരക്ഷണം ലഭിച്ചതുകൊണ്ടല്ല. എണ്ണത്തിലും സ്വാധീനത്തിലും കേരളത്തിലെ ന്യൂനപക്ഷങ്ങൾ താരതമ്യേന ശക്തരായതുകൊണ്ടാണ്. അവരുടെ ഉയർന്ന വിദ്യാഭ്യാസനിരക്കും അതിനു കാരണമാണ്. ഭരണഘടനയെ മാനിക്കുന്ന കേരളത്തിലെ ജനാധിപത്യഭരണക്രമവും എടുത്തുപറയേണ്ട കാര്യമാണ്. മാധ്യമങ്ങൾ ഇക്കാര്യത്തിൽ വഹിക്കുന്ന പങ്ക് വിസ്മരിച്ചുകളയാവുന്നതല്ല. വർഗീയവിഷം കലർത്തുന്ന ചില മാധ്യമങ്ങളെ മറന്നല്ല ഇതു പറയുന്നത്.

ക്രൈസ്തവവിരുദ്ധതയുടെ അവസാനത്തെ തെളിവ് കഴിഞ്ഞ ദിവസം ഛത്തീസ്ഗഡിലെ ദുർഗ് റെയിൽവേസ്റ്റേഷനിൽ നടന്ന രണ്ടു കന്യാസ്ത്രീകളുടെ അന്യായമായ അറസ്റ്റാണ്. പ്രായപൂർത്തിയായ നാലു പെൺകുട്ടികളോടൊപ്പം മലയാളികളായ രണ്ടു കന്യാസ്ത്രീകൾ ഉത്തർപ്രദേശിലെ ആഗ്രായിലേക്കു യാത്ര ചെയ്യുകയായിരുന്നു. ടിക്കറ്റു പരിശോധിച്ച റെയിൽവെ ഉദ്യോഗസ്ഥൻ അവരെ സംശയിക്കുകയും ഭരിക്കുന്ന പാർട്ടിയുടെ പോഷകസംഘടനയിൽപ്പെട്ടവരെ വിവരമറിയിക്കുകയും ചെയ്തു. അവർ എത്തി കന്യാസ്ത്രീകളെയും കൂടെ സഞ്ചരിച്ചിരുന്ന പെൺകുട്ടികളെയും ആൾക്കൂട്ടവിചാരണയ്ക്കു വിധേയരാക്കി. അവരുടെതന്നെ ആവശ്യപ്രകാരം പൊലീസെത്തി കന്യാസ്ത്രീകളെയും പെൺകുട്ടികളെയും അറസ്റ്റു ചെയ്തു. പതിവുകുറ്റങ്ങളാണ് അവരുടെമേൽ ആരോപിച്ചത്: മതപരിവർത്തനം, മനുഷ്യക്കടത്ത്.

റെയിൽവേ ഉദ്യോഗസ്ഥനും അയാൾ വിളിച്ചുകൂട്ടിയ ഗുണ്ടാസംഘവും അവരുടെ ആജ്ഞാനുവർത്തികളായി വർത്തിച്ച പൊലീസും അക്ഷന്തവ്യമായ തെറ്റാണു ചെയ്തത്. അവരുടെ പ്രവൃത്തി ഭരണഘടനാവിരുദ്ധമാണ്. ശുദ്ധ അസംബന്ധമാണ്. രാജ്യത്തെ നിയമവ്യവസ്ഥ കാറ്റിൽ പറത്തിയവരാണവർ. അവരെ നിയമത്തിനു മുമ്പിൽ കൊണ്ടുവന്ന് തക്ക ശിക്ഷ നൽകുമ്പോഴേ ഭരണഘടനയ്ക്കും മതേതതരമൂല്യങ്ങൾക്കുമേറ്റ മുറിവ് ഉണങ്ങുകയുള്ളൂ.



മതിയായ രേഖകളോടെ യാത്ര ചെയ്യുന്നവരെ ആർക്കാണു തടയാൻ കഴിയുക? കന്യാസ്ത്രീകളുടെ കൂടെപ്പോയ പെൺകുട്ടികൾ ജോലിയാവശ്യങ്ങൾക്ക് മാതാപിതാക്കളിൽനിന്ന് അനുമതിപത്രവുമായാണ് യാത്രയായത്. നിയമത്തിന്റെ വിലക്കില്ലാത്ത വ്യക്തികൾക്കും വിലക്കില്ലാത്ത ഇടങ്ങളിലേക്കും സ്വതന്ത്രമായി യാത്ര ചെയ്യാനുള്ള അവകാശം ഭരണഘടനയും നിയമവ്യവസ്ഥയും ഉറപ്പാക്കുന്നുണ്ട്. ഇതൊന്നും അറിയാത്തവരല്ല അറസ്റ്റുനാടകത്തിനു പിന്നിലുള്ളത്. കേന്ദ്രസർക്കാർ തീരുമാനിച്ചാൽ മണിക്കൂറുകൾക്കുള്ളിൽ ഇത്തരം പൗരാവകാശലംഘകരെയും സാമൂഹികവിരുദ്ധരെയും അഴിക്കുള്ളിലാക്കാനാവും. നിയമം കൈയിലെടുക്കാൻ അണികളെ അനുവദിക്കുന്നത് ഒരു സർക്കാരിനും ഗുണകരമാവുകയില്ല. അഴിഞ്ഞാട്ടക്കാരെ അനുകൂലിക്കുന്നത് നിരപരാധികളെ ക്രൂശിക്കുന്നതിനു തുല്യമാണ്.

മതപരിവർത്തനവും മനുഷ്യക്കടത്തും ക്രൈസ്തവമിഷനറിമാർക്കു ശീലമല്ല. രണ്ടായിരം വർഷമായി ക്രൈസ്തവർ പ്രേഷിതപ്രവർത്തനം നടത്തിയിട്ടും രണ്ടു ശതമാനത്തോളം ക്രൈസ്തവർ മാത്രമാണ് ഇവിടെയുള്ളത്. കുറ്റാരോപണം ശരിയാകണമെങ്കിൽ ക്രൈസ്തവജനസംഖ്യ വലിയ തോതിൽ ഉയരേണ്ടിയിരിക്കുന്നു.

ക്രൈസ്തവജീവിതരീതിയിൽ ആകൃഷ്ടരായി ക്രിസ്തുമാർഗം സ്വതന്ത്രമായി സ്വീകരിച്ചവരും അവരുടെ പിന്തുടർച്ചക്കാരുമാണ് ഇവിടത്തെ ക്രൈസ്തവർ. വിദ്യാഭ്യാസം, ആതുരശുശ്രൂഷ, സാമൂഹികസേവനം തുടങ്ങിയ മേഖലകളിലെ വികസനാധിഷ്ഠിതവും ജനക്ഷേമകരവുമായ പ്രവർത്തനങ്ങളിലൂടെ രാഷ്ട്രനിർമ്മാണപ്രവർത്തനങ്ങളിലേർപ്പെടുന്നവരാണ് ഇവിടുത്തെ ക്രൈസ്തവമിഷനറി സമൂഹം.

രാഷ്ട്രീയനേട്ടങ്ങൾക്കുവേണ്ടി വർഗീയത വളർത്തുന്ന ഭരണകൂടങ്ങൾക്ക് ആയുസ്സ് കുറയും. പാലങ്ങളും മേൽപ്പാലങ്ങളും നിർമ്മിച്ചതുകൊണ്ടോ എയർപോർട്ടുകളുടെ എണ്ണം കൂട്ടിയതുകൊണ്ടോ ജിഡിപി വളർച്ചാനിരക്ക് മെച്ചപ്പെടുത്തിയതുകൊണ്ടോ മാത്രം ഭരണം നന്നാവുകയില്ല. പ്രധാനപ്പെട്ടത് മനുഷ്യാവകാശങ്ങളും സാമൂഹികസമാധാനവുമാണ്. ഭരണഘടനയുടെ പതിമ്മൂന്നു മുതൽ മുപ്പത്തിയഞ്ചു വരെയുള്ള ഖണ്ഡികകൾ നടപ്പിലാക്കുന്ന ഭരണകൂടത്തിനുമാത്രം നിലനില്പുണ്ട്.

■

കവിത — എസ്. ബി. പണിക്കർ

## കടന്നുപോയവൻ

ഓർക്കുക ശ്ലീഹന്മാരേ, നിങ്ങ-
ളെന്നേക്കും വിശ്വാസത്താൽ

ഒരൊറ്റ ശരീരം, ഒരൊറ്റ വികാരം,
ഒരേ കുടുംബത്തിൽപ്പെട്ടോർ

ഈയപ്പം എന്നുടൽ,
അതു പകുത്തുനല്കുന്നു നിങ്ങൾക്കെല്ലാം

ഇതു പന്ത്രണ്ടായി ഭാഗിച്ചുനല്കുന്നു,
ശിഷ്യരേ, സ്വീകരിക്കുക, നിരാമയം

കാണാമുൾക്കണ്ണാലേകം, സ്നേഹബന്ധിത-
രല്ലോ സുദൃഢം നിത്യം;

കരുണാനിധിയാം ദൈവത്തിന്നുപവി-
നിങ്ങളിൽ കുടികൊള്ളണം

ദൈവത്തിന്നെളിയ പുത്രൻ ഞാൻ ഇതു-
താനെൻ വിലയേറും ധനം, ദാനം

ഇവിടെ ഭുജിക്കാമിന്നു തിരുവത്താഴം നമു-
ക്കൊന്നിച്ചെൻ പ്രിയശിഷ്യരേ!

കഴുകാം ഞാൻ നിങ്ങൾതൻ
പാദപത്മങ്ങളൊരേ മട്ടിൽ

തഴുകിയുണക്കാം ചുംബിച്ചേകി-
പ്പാവനമാക്കാം വേഗം

വാളെടുക്കാതിരിക്കുവിൻ നിങ്ങൾ,
പരസ്പരം സ്നേഹിക്കുവിൻ;

വാളെടുപ്പവനൊരുനാൾ തീർത്തെടുക്കപ്പെടും
വാളാൽ സത്യം

സ്നേഹം വിതച്ചവൻ നൂറുമേനിയായ്
സ്നേഹം കൊയ്യും നിരന്തരം

സ്നേഹത്താൽ വിളങ്ങോനെ
കരുണാമയൻ കാത്തുകൊണ്ടിടും നിത്യം

സത്യവിശ്വാസിക്കു കൊടും കുരിശു
ചുമക്കേണ്ടി വന്നേക്കാമോർക്ക,

സഹനം വ്രതമാക്കിയോനു ചാട്ടവാറടി
ലഭിച്ചേക്കാമീ, യൂഴിയിൽ,

അവനു ചില്ലിക്കാശിൻ മൂല്യം കല്പിക്കാ-
തിരുന്നേക്കാം ജനക്കൂട്ടം

അധർമ്മികൾക്കെറിഞ്ഞു കൊടുത്തേക്കാം
കൂട്ടമായ് നിർദാക്ഷിണ്യം

വെള്ളിക്കാശിന്നു ജീവരക്തത്തിൻ
വിലയെങ്കിലോ

കള്ളനും കണ്ട ഭാവം നടിക്കില്ല
കുന്നോളം കൂട്ടിവയ്ക്കിലും മർത്ത്യരേ!

ഒരു പാപിയും മിനക്കെട്ടില്ല മുപ്പതു-
വെള്ളിക്കാശു സ്പർശിക്കുവാൻ


ദേവദാരുക്കളെന്നും മൂകമായ് നിരന്തരം
സംസാരിക്കും പുകഴ്ത്തും

ഭാവഗാനങ്ങൾ പാടും വെൺപ്രാക്കൾ
നദികൾ, ഋതുക്കളും...

ഓരോ പെസഹ വരുമ്പോഴും നമുക്കോർക്കാം
സ്നേഹത്തിൻ തിടമ്പിനെ,

ഓരോ കടന്നുപോകൽ നടക്കുമ്പൊഴും
നമിക്കാം അലിവിൻ സൗന്ദര്യത്തെ...

Deepanalam Weekly
RNI No : 16998/68
Vol. 58 No. 22 Date of Publication 31 July 2025
Annual Subscription Rate ₹ 400 (For Abroad ₹4500)
Registered No. KL/KTM/12/2024-2026
License No. KL/CR/KTM/WPP-16/2024-2026
Licensed to post without pre-payment



സ്വർണ്ണം വിൽക്കാൻ ഏറ്റവും നല്ലത് നമ്മുടെ അച്ചായൻസ് തന്നെ
CASH *for* GOLD

നിങ്ങളുടെ സ്വർണ്ണം (916) വിൽക്കുമ്പോൾ, തൂക്കത്തിൽ കുറവുവരുത്താതെ ഏറ്റവും ഉയർന്ന വില നൽകുന്നു.
ബാങ്കിൽ പണയത്തിലിരിക്കുന്ന സ്വർണ്ണം എടുത്ത് ഉയർന്ന വിലയിൽ വിൽക്കുവാൻ സഹായിക്കുന്നു.

KERALA'S NO.1 GOLD BUYER

FREE

അച്ചായൻസ് ഗോൾഡ് 916
പാലാ | ഉഴവൂർ | കരിങ്കുന്നം | വാഴക്കുളം
85900 46916 | 90723 88172


വിദേശ പഠനം/ജോലി, തുടങ്ങിയ ആവശ്യങ്ങൾക്കായി സ്വർണ്ണം വിൽക്കുമ്പോൾ*
BRANDED TROLLY BAG
സമ്മാനമായി നൽകുന്നു.
(4 Lakhs and above*)

കോട്ടയം | ഏറ്റുമാനൂർ | ചിങ്ങവനം | സംക്രാന്തി | കടുവാക്കുളം | ചങ്ങനാശ്ശേരി
എറണാകുളം | തൊടുപുഴ | ചേർത്തല | പേരൂർ | കടുത്തുരുത്തി | നീണ്ടൂർ

NRI ഇടപാടുകൾക്ക് പ്രത്യേക വിഭാഗം | DOOR STEP SERVICE AVAILABLE | CASH/BANK TRANSFER AVAILABLE *

യൂറോപ്പ് തീർത്ഥാടനം
ROME | LOURDES | FATIMA
ലെയോ പതിനാലാമൻ മാർപാപ്പായെ നേരിൽ കാണുന്നതിനും ഫ്രാൻസിസ് പാപ്പായുടെ കബറിടം സന്ദർശിക്കുന്നതിനും സാധിക്കുന്ന സ്പീഡ്‌വിംഗ്സ് പാലായുടെ
സമ്പൂർണ്ണ യൂറോപ്പ് തീർത്ഥാടനം

റോം, വെനീസ്, സ്വിറ്റ്സർലണ്ട്, ജർമ്മനി, പാരീസ്, ലൂർദ്, മാഡ്രിഡ്, ഫാത്തിമ, ലിസ്ബൺ



ITALY | VATICAN | SWITZERLAND | GERMANY | LIECHTENSTEIN | FRANCE | SPAIN | PORTUGAL
15 DAYS
രൂപതയിലെ ബഹു. വൈദികരുടെ ആത്മീയ നേതൃത്വത്തിൽ
2025 ഒക്ടോബർ 5ന്
പാലായിൽ നിന്നും പുറപ്പെടുന്നു
Glory of Europe
History | Faith | Science
"Experienced Tour Leader with Priest"
32 Golden Years
IAAI TAFI IATA
SPEEDWINGS TRAVELS & HOLIDAYS
A reputation of excellence in service !
PALA
9447195867, 8089903437, 9447506725
Passport | Air Tickets | Holidays | Visa | Travel Insurance

916 സ്വർണ്ണാഭരണങ്ങളുടെ പാലായിലെ അതിവിശാലമായ ഷോറൂം..!



മൂഴയിൽ ജൂവലറി
മെയിൻ റോഡ്, പാലാ,
Phone: 212498 , 211028
സഹോദരസ്ഥാപനം:
മൂഴയിൽ ഫൈനാൻസിയേഴ്സ്
മാർക്കറ്റ് റോഡ്, OPP. സിവിൽസ്റ്റേഷൻ, പാലാ
ഫോൺ: 212269
100 രൂപയ്ക്ക് മാസം 1½ രൂപ മാത്രം പലിശ

കൊട്ടത്തിൽ ആയുർവേദ ഹോസ്പിറ്റൽ
ചപ്പാത്ത്, അയർക്കുന്നം കോട്ടയം
Phone: 0481-2545588, 9447054461
E-mail : mail@kottathilayurveda.com
Website: www.kottathilayurveda.com



- മസ്തിഷ്കരോഗങ്ങൾ
- നട്ടെല്ല് രോഗങ്ങൾ
- അസ്ഥിരോഗങ്ങൾ
- സന്ധിരോഗങ്ങൾ
- ശിശുരോഗങ്ങൾ
- സ്ത്രീരോഗങ്ങൾ (ആനോ–റെക്റ്റൽ രോഗങ്ങൾ)
- ത്വക്‌രോഗങ്ങൾ
- വാർദ്ധക്യ രോഗങ്ങൾ

വിവിധങ്ങളായ കേരളീയ ചികിത്സാക്രമങ്ങളും പഞ്ചകർമ്മങ്ങളും (നസ്യം, വമനം, വിരേചനം, കഷായവസ്തി, രക്തമോക്ഷം) വിദഗ്ധരുടെ മേൽനോട്ടത്തിൽ ഔട്ട്പേഷ്യന്റായും (O.P.) ഇൻപേഷ്യന്റായും (I.P.) ചെയ്യുന്നു.

Printed & Published by Fr. Joseph Thadathil on behalf of Deepanalam Society Palai, Reg. No. 69/77 and printed at Deepanalam printings Palai P.O., Pin-686575 and Published at Palai, Kottayam Dist. Kerala, Pin -686575 • Editor - Fr. Kurian Thadathil * Responsible for selection of news under PRB Act.
• Ph: 04822-212842 • 7306874714 • Fax: 04822-212842 • Email: editordeepanalam@gmail.com • deepanalam@rediffmail.com • website: www.deepanalam.org